# Catholic Life

DA PACEM DOMINE, IN DIEBUS NOSTRIS

2025

February

## Bulletin

## Diocese of Alleppey




ക്രിസ്തുവിന്റെ മനുഷ്യാവതാര
ജൂബിലി 2025 രൂപതാതല ഉദ്ഘാടനം



വെള്ളാപ്പള്ളി ഇടവകയിൽ പുതിയ പാരീഷ് ഹാൾ അഭിവന്ദ്യ ജയിംസ് പിതാവ് വെഞ്ചരിച്ച് ഇടവകയ്ക്ക് സമർപ്പിക്കുന്നു.





മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്നും **M.Sc.** ഫിസിക്സിൽ ഒന്നാം റാങ്ക് നേടിയ വട്ടയാൽ ഇടവകാംഗമായ പനഞ്ചിക്കൽ ശ്രീ. ജോർജിന്റെയും ശ്രീമതി മേരി ജോർജിന്റെയും മകൾ **അക്സ ജോർജിന്** അഭിനന്ദനങ്ങൾ



സഭൈക്യ പ്രാർത്ഥനാവാരം അഭിവന്ദ്യ ജയിംസ് റാഫേൽ ആനാപറമ്പിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

# Catholic Life

**Bulletin**

**Diocese of Alleppey**

**Website : www.dioceseofalleppey.com**
**E-mail: curia.alleppey@gmail.com**
**Ph: 0477 2243363, +91 8289868069**

Patron:

**Bishop James Raphael Anaparambil**

BISHOP OF ALLEPPEY

Editor:

**Fr. Jobin Joseph Panackal**

Vol. 93 February 2025 No.2

# *In this Issue*

1. സർക്കുലർ–കുർബാനധർമ്മം .... 04
2. രൂപത ഡയറി .... 05
3. Engagements of Bishop .... 09
4. സന്യസ്തരുടെ വാർഷിക റിപ്പോർട്ട് .... 10
5. Forthcoming Events in 2025 .... 19
6. New Appointment .... 20
7. വൈദികമാസ യോഗ റിപ്പോർട്ട് .... 21
8. ADC & SW Society .... 22
9. കെ.സി.വൈ.എം. .... 28
10. സുവിശേഷഭവൻ .... 29
11. ആലപ്പുഴ ഇന്റർനാഷണൽ മൈഗ്രന്റ്സ് .... 30
12. കെ.എൽ.സി.ഡബ്ല്യു.എ. .... 31
13. ബി.സി.സി. .... 31
14. കമ്മീഷൻ ഫോർ ചിൽഡ്രൻ .... 33
15. ഫാമിലി അപ്പോസ്തലേറ്റ് .... 35
16. ഹെൽത്ത് കമ്മീഷൻ .... 36
17. BCC ബുള്ളറ്റിൻ ... 38

## Requiescat in Pace

| Name | Date of Demise |
|---|---|
| Fr Jose Nixon Thuruthel | 04-2-1996 |
| Fr Varghese Vadakkethayil | 25-2-2016 |

## Let us Remember, Congratulate and Pray...

| Name | Birthday |
|---|---|
| Fr Stephen J. Punnackal | 3rd February |
| Fr Bose Kodiyanad | 3rd February |
| Fr Britus Kadavunkal | 5th February |
| Fr Alex Kocheekaranveettil | 6th February |
| Fr Cleetus Karakkatt | 17th February |
| Fr Titus Rancy Kalapurackal O. Carm | 21st February |
| Fr George Sabi Alumparambil | 24th February |

## Anniversay of Priestly Ordination

| Name | Date of Ordination |
|---|---|
| Rt. Rev. Dr James Raphael Anaparmbil Ep. Ord. | 11-02-2018 |
| Rev. Fr. Dency Kattungal | 11-02-2023 |
| Rev. Fr. Joseph Alphonse Kollaparampil | 11-02-2023 |
| Rev. Fr. Sebastian Valiyaveettil | 11-02-2023 |
| Rev. Fr. Xavier Francis Kurisinkal | 11-02-2023 |
| Rev. Fr. Clinton J. Samson Kannadichira | 20-02-2022 |
| Rev. Fr. Josey Louis Kocheekaranveedu | 22-02-2022 |
| Rev. Fr. Joseph Dominic Vattathil | 23-02-2022 |

# Day of Adoration

| | | |
|---|---|---|
| February 02nd | - | St. Pius X Beach Ward, Alappuzha |
| February 10th | - | St. Xavier's Church, Omanappuzha |
| February 17th | - | St. Joseph Chapel, Thankey |
| February 20th | - | St. Michael's Church, Manassery |
| February 28th | - | Visitation Generalate, Alleppey |

## The distribution of Holy Communion

The faithful should normally receive sacramental Communion of the Eucharist during Mass itself, at the moment laid down by the rite of celebration, that is to say, just after the Priest celebrant's Communion. It is the Priest celebrant's responsibility to minister Communion, perhaps assisted by other Priests or Deacons; and he should not resume the Mass until after the Communion of the faithful is concluded. Only when there is a necessity may extra ordinary ministers assist the Priest celebrant in accordance with the norm of law.

"So that even by means of the signs Communion may stand out more clearly as a participation in the Sacrifice being celebrated", it is preferable that the faithful be able to receive hosts consecrated in the same Mass.

No. 4070/K-5/KCBC/OL/DS 20 December 2024

## കുർബാനധർമ്മം-സർക്കുലർ

2024 ഡിസംബർ 5-ാം തിയതി കൂടിയ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാനപ്രകാരം കേരള കത്തോലിക്കാ സഭയിൽ വരുന്ന ഏപ്രിൽ ഒന്നാം തിയതി മുതൽ സാധാരണ കുർബാന (ഒറ്റക്കുർബാന)യുടെ ധർമ്മം (Mass Stipend) നൂറ്റിയൻപതു രൂപയായിരിക്കും. ഇതിനെ അടിസ്ഥാനപ്പെടുത്തി അതാതു വ്യക്തിഗത സഭകളിൽ നിലവിലുള്ള വിവിധ കുർബാന ധർമ്മങ്ങൾ പരിഷ്ക്കരിക്കാവുന്നതാണ്.

**കർദിനാൾ**
**ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**
പ്രസിഡന്റ്, കെസിബിസി

---

## THE POPE'S INTENTION FOR FERUARY 2025



### FOR VOCATIONS TO THE PRIESTHOOD AND RELIGIOUS LIFE

Let us pray that the ecclesial community might welcome the desires and doubts of those young people who feel a call to serve Christ's mission in the priesthood and religious life.

# രൂപത ഡയറി

**ജനുവരി 01**

രാവിലെ 6.30 ന് വട്ടയാൽ സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിച്ചു.

രാവിലെ 10.30 ന് കർമ്മസദൻ പാസ്റ്ററൽ സെന്ററിൽ വെച്ച് വിനീത പാല്യത്തിന്റെ "ജനപ്രിയ സംസ്ക്കാരം- സാഹിത്യം, സംഗീതം, സിനിമ" എന്ന പുസ്തകം അഭിവന്ദ്യപിതാവ് പ്രകാശനം ചെയ്തു.

**ജനുവരി 02**

രാവിലെ 10.00 മണിക്ക് കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് ലിനു മേരി ഡെന്നിസിന്റെയും ജോർജ്ജ് ജോസ് കല്ലറയ്ക്കലിന്റെയും വിവാഹം അഭിവന്ദ്യപിതാവ് ആശിർവദിച്ചു.

വൈകുന്നേരം 7.00 മണിക്ക് ആലപ്പുഴ ബീച്ച്വാർഡ് സെന്റ് സേവ്യേഴ്സ് സി.എം.ഐ. ചാപ്പലിൽ അഭിവന്ദ്യപിതാവ് യാമപ്രർത്ഥനയ്ക്ക് നേതൃത്വം നൽകി.

**ജനുവരി 03**

രാവിലെ 10.00 മണിക്ക് കൊച്ചി രൂപതാംഗം റവ.ഫാ. മെൽറ്റസ് ചാക്കോ കൊല്ലശ്ശേരിയുടെ സഹോദരന്റെ നിര്യാണത്തിൽ അഭിവന്ദ്യപിതാവ് അനുശോചനം അറിയിക്കുകയും പരേതന്റെ വീട്ടിലെത്തി പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്തു.

**ജനുവരി 04:**

രാവിലെ 9.30 ന് കിടങ്ങാംപറമ്പ് എസ്.എൻ.ഡി.പി.

ഹാളിൽ വെച്ചു നടന്ന ആറാട്ടുപുഴ വേലായുധ പണിക്കർ ഛായാ ചിത്ര വാഹന സന്ദേശയാത്ര സമ്മേളനത്തിൽ അഭിവന്ദ്യപിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി.

രാവിലെ 11.00 മണിക്ക് പൂങ്കാവ് സ്വർഗ്ഗാരോപിതമാതാ ദൈവാലയത്തിൽവെച്ച് റോയിയുടെയും ഷിനുമോളിന്റെയും വിവാഹം അഭിവന്ദ്യപിതാവ് ആശിർവദിച്ചു.

ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ഒറ്റമശ്ശേരി സെന്റ് ജോസഫ്സ് ദൈവാലയത്തിൽവെച്ച് പാഷനിസ്റ്റ് സന്യാസസഭയിലെ ഡീക്കൻ ഡോൺ പീറ്റർ പാണ്ട്യലക്കലിനെ അഭിവന്ദ്യ പിതാവിന്റെ കൈവയ്പ്പ് വഴി പൗരോഹിത്യത്തിലേയ്ക്ക് ഉയർത്തി.

വൈകുന്നേരം 6.00 മണിക്ക് അർത്തുങ്കൽ ബസിലിക്കയിൽ പുതിയതായി നിർമ്മിച്ച കുമ്പസാര ചാപ്പൽ ആശിർവാദ കർമ്മം അഭിവന്ദ്യപിതാവ് നിർവഹിച്ചു.

**ജനുവരി 05**

രാവിലെ 8.45 ന് വെള്ളാപ്പള്ളി സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയത്തിൽ അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിക്കുകയും പുതിയതായി നിർമ്മിച്ച ഓഡിറ്റോറിയം ആശിർവദിക്കുകയും ചെയ്തു.

വൈകുന്നേരം 3.00 മണിക്ക് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വെച്ച് "TIKVAH" യുവജ്യോതി KCYM ന്റെ യൂത്ത് ജൂബിലി മീറ്റിംഗ് അഭിവന്ദ്യപിതാവ് ഉദ്ഘാടനം ചെയ്യുകയും യുവതിയുവാക്കളുമായി സംവദിക്കുകയും ചെയ്തു.

വൈകുന്നേരം 4.00 മണിക്ക് പാതിരപ്പള്ളി ബെദേൽ കോൺവെന്റിൽവെച്ച് ഹെൽത്ത് കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന ക്രിസ്തുമസ് പ്രോഗ്രാമിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

വൈകുന്നേരം 5.00 മണിക്ക് കർമ്മസദൻ പാസ്റ്ററൽ സെന്ററിൽവെച്ചു നടന്ന ജനജാഗരത്തിന്റെ വിലയിരുത്തൽ യോഗത്തിൽ അഭിവന്ദ്യപിതാവ് അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം 6.00 മണിക്ക് ചെത്തിയിൽ വെച്ചു നടന്ന ആലപ്പുഴ രൂപത വൈദികരായ ഫാ. പോൾ ജെ. അറക്കൽ, ഫാ. എഡ്വേഡ് പുത്തൻപുരയ്ക്കൽ, ഫാ. ക്ലീറ്റസ് കാരക്കാട്ട്, ഫാ.

ജോൺസൺ പുത്തൻവീട്ടിൽ, ഫാ. ജോർജ് കിഴക്കേവീട്ടിൽ എന്നിവരുടെ രജത ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ പിതാവ് ആശംസകൾ അർപ്പിക്കുകയും "Te Deum" പ്രാർത്ഥന നടത്തുകയും ചെയ്തു.

**ജനുവരി 06:**

രാവിലെ 10.00 മണിക്ക് ഫോർട്ട് കൊച്ചി സാന്താക്രൂസ് ബസിലിക്കയിൽ ജോസഫ് കുരീത്തറ പിതാവിന്റെ 26–ാമത് ചരമവാർഷികദിനത്തിൽ അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ് 3.00 മണിക്ക് മഞ്ഞുമ്മൽ പ്രോവിൻസ് അംഗമായിരുന്ന ഫാ. ജോണി ആറാട്ടുകുളത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യപിതാവ് മുഖ്യകാർമികത്വം വഹിച്ചു.

**ജനുവരി 09:**

രാവിലെ 10.00 മണിക്ക് ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജിൽ നടത്തപ്പെട്ട നാനോ ടെക്നോളജി അന്താ രാഷ്ട്ര സെമിനാർ അഭിവന്ദ്യപിതാവ് ഉദ്ഘാടനം ചെയ്തു.

രാവിലെ 11.00 മണിക്ക് ആലപ്പുഴ മൗണ്ട് കാർമ്മൽ കത്തീഡ്രൽ ദൈവാലയത്തിൽവെച്ച് എവിന്റെയും ശാലിനിയുടെയും വിവാഹം അഭിവന്ദ്യപിതാവ് ആശിർവദിച്ചു.

ഉച്ചകഴിഞ്ഞ് 3.00 മണിക്ക് മാരാരിക്കുളം സംഹതിയിൽ വെച്ചു നടന്ന സുഗതകുമാരി നവതി ആഘോഷത്തിൽ അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷ പ്രസംഗം നടത്തി.

വൈകുന്നേരം 4.00 മണിക്ക് മാരാരിക്കുളത്തു വെച്ച നടന്ന സംഹതിയുടെ മീറ്റിഗിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

വൈകുന്നേരം 6.00 മണിക്ക് ലിസ്യൂ നഗറിൽ അഭിവന്ദ്യ പിതാവ് ദിവ്യബലിയർപ്പിച്ചു.

**ജനുവരി 10:**

ഉച്ചകഴിഞ്ഞ് 3.00 മണിക്ക് കണ്ണമാലി സെന്റ് ആന്റണിസ് ദൈവാലയത്തിൽ ഫാ. വർഗീസ് കട്ടികാട്ടിന്റെ നിര്യാണത്തിൽ അഭിവന്ദ്യപിതാവ് പ്രാർത്ഥനകൾ അർപ്പിച്ചു.

വൈകുന്നേരം 6.00 മണിക്ക് അർത്തുങ്കൽ ബസിലിക്കയിൽ അഭിവന്ദ്യപിതാവ് വിശുദ്ധ സെബാസ്ത്യാനോസിന്റെ

തിരുനാളിന് ആരംഭം കുറിച്ച് പതാക ഉയർത്തി.

**ജനുവരി 11:**

രാവിലെ 11.00 മണിക്ക് ചെത്തി സെന്റ് ജോസഫ്സ് ദൈവാലസിമിത്തേരിയിൽ അഭിവന്ദ്യപിതാവ് ബഹുമാനപ്പെട്ട ഫാ. പോൾ ജെ. അറക്കലിന്റെ മാതാപിതാക്കളുടെ കുഴിമാട ത്തിൽ പ്രാർത്ഥനകൾ അർപ്പിച്ചു.

**ജനുവരി 11:**

വൈകുന്നേരം 4.00 മണിക്ക് കണ്ടക്കടവ്, സെന്റ് സേവ്യേഴ്സ് ഫൊറോന ദൈവാലയത്തിൽവെച്ച് ഫെഡറിക്ക് ഹോസാനാമിന്റെ ജ്ഞാനസ്നാന കർമ്മം അഭിവന്ദ്യപിതാവ് നിർവഹിച്ചു.

വൈകുന്നേരം 6.00 മണിക്ക് ഫോർട്ട് കൊച്ചി വെളിയിൽ നടന്ന ബൈബിൾ കൺവെൻഷന്റെ സമാപന ദിവസം അഭിവന്ദ്യ പിതാവ് ദിവ്യബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**ജനുവരി 12:**

രാവിലെ 7.00 മണിക്ക് കണ്ണമാലി, ക്രൈസ്തവ കിംഗ് ദൈവാലയത്തിൽ അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിച്ചു.

രാവിലെ 11.00 മണിക്ക് ആലപ്പുഴ കളക്ട്രേറ്റിൽ ജനകീയ മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ നടന്ന സമരപരിപാടി യിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

രാത്രി 9.00 മണിക്ക് ജൂബിലി 2025 ന്റെ ഫിനാൻസ് കമ്മിറ്റി ഓൺലൈൻ മീറ്റിംഗിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

**ജനുവരി 14:**

രാവിലെ 11.00 മണിക്ക് സാന്ത്വൻ സ്പെഷ്യൽ സ്കൂളിൽ പുതിയതായി നിർമ്മിച്ച സോളാർ പാനൽ അഭിവന്ദ്യപിതാവ് ആശിർവദിച്ചു.

ഉച്ചയ്ക്ക് 2.00 മണിക്ക് പഴവങ്ങാടി, സെന്റ് ആന്റണീസ് സ്കൂളിന്റെ നവതി ആഘോഷത്തിൽ അഭിവന്ദ്യപിതാവ് അദ്ധ്യക്ഷനായിരുന്നു.

# Engagements of the Bishop
# FEBRUARY 2025

| Date | Time | Programme |
|---|---|---|
| Feb 5 - 7 | | At Cochin Curia |
| Feb 8 | 9. 30 am | Jubilee of Priests and Consecrated |
| | 3.30 pm | Priestly Ordination of Deacons of the Diocese of Alleppey |
| Feb 9 | 11.30 am | Teams of Our Lady Meeting at St. Antony's Boys' Home Alleppey |
| Feb 11 | | Episcopal Ordination Day |
| | 3.30 pm | Ordination of Dn Dennis and Dn Adhin SCJ. |
| Feb 12 | 4 00 pm | Vachanasandya Inauguration and Holy Mass at Aquinas College Campus, Edakochi |
| Feb 13 | 6.00 pm | Regional Bishop's Retreat at Vijayappuram. |
| Feb 14 | 6.00 pm | Feast of St Antony at Arookuty |
| Feb 15 | 3.00 pm | Pastoral Visit at Emmanuel Church, St. John Pattom |
| Feb 18-19 | | Feast of Our Lady of Lourdes, Pallikunnu |
| Feb 20 | | At Cochin Curia |
| Feb 21 | 10 am - 04 pm | Consulters Meeting. |
| Feb 22 - 23 | | Pastoral Visit at Sacred Heart Church, Mayithara. |
| Feb 23 | 3.30 pm | Feast of St Peter at Vattayal |
| Feb 24 | 3.00 pm | Forane Gathering of Punnapra and Alleppy Foranes |
| Feb 25 | | Forane Gathering of Arthunkal and Kattoor |
| Feb 26 | | Forane Gathering of Manakkodam and Kandakkadavu |
| Feb 26- 28 | | At Cochin Curia. |

# സന്യസ്തരുടെ വാർഷിക റിപ്പോർട്ട്

## 2023–2024

**1. സെന്റ് ജോസഫ് ആശ്രമം, അമ്പലപ്പുഴ**

4 അംഗങ്ങളും 6 സെമിനാരിയൻസും ഉൾപ്പെടുന്നു. ഇടവകയോട് ചേർന്ന് ചാരിറ്റി പ്രവർത്തനങ്ങളിലും മതപരമായ പ്രവർത്തനങ്ങളിലും സഹായിച്ചുവരുന്നു. മേജർ സെമിനാരിയൻസിന് ഫോർമേഷൻ, ജർമ്മൻ ഭാഷാ പഠിക്കുന്ന സ്ഥാപനം എന്നിവ നടത്തി വരുന്നു.

**2. അസ്സീസി ഭവൻ, പുന്നപ്ര**

ആകെ 6 അംഗങ്ങളാണുള്ളത്. ദിവ്യബലി, വിശ്വാസപരിശീലനം, യുവജനങ്ങൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ, ഹോം കെയർ, ബി.സി.സി., കൗൺസലിംഗ് എന്നിവ നടത്തിവരുന്നു.

**3. സെന്റ് ജോൺ വിസിറ്റേഷൻ കോൺവെന്റ്, കഞ്ഞിപ്പാടം**

ആകെ 4 അംഗങ്ങളാണുള്ളത്. ദിവ്യബലി, വിശ്വാസപരിശീലനം, വിവാഹ ഒരുക്ക കോഴ്സ് ആനിമേഷൻ, ബി.സി.സി., കുട്ടികൾക്ക് കൗൺസലിംഗ് എന്നിവ സജീവമായി നടത്തിവരുന്നു.

**4. ഉർസുല ഭവൻ, അമ്പലപ്പുഴ**

ആകെ 7 അംഗങ്ങളാണുള്ളത്. രൂപതാതല ഹെൽത്ത് കമ്മീഷന്റെ പ്രവർത്തനങ്ങൾ, ഭവന സന്ദർശനം, ദിവ്യബലി, വിശ്വാസപരിശീലനം, എല്ലാദിവസവും ദിവ്യകാരുണ്യ ആരാധന, 10 കുടുംബങ്ങൾക്ക് വീട് റിപ്പയറിംഗ്, സ്വയം തൊഴിൽ എന്നിവ നൽകിവരുന്നു, ഹോസ്പിറ്റലിൽ ഇ.എൻ.റ്റി., ഡോർമെറ്ററി എന്നിവ തുടങ്ങി.

**5. സെന്റ് അലോഷ്യസ്, പുന്നപ്ര**

ആകെ 9 അംഗങ്ങളാണുള്ളത്. ഇടവകതലത്തിലും രൂപതാതലത്തിലും സജീവമായി പ്രവർത്തിക്കുന്നു. ദിവ്യബലിക്ക് വേണ്ട ഒരുക്കങ്ങൾ, കുട്ടികൾക്കും മുതിർന്നവർക്കും വിശ്വാസ പരിശീലനം, പഠനത്തിൽ പിന്നോക്കം നൽക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ ക്ലാസ്, ഭവന സന്ദർശനം, എന്നിവ ചെയ്തുവരുന്നു.

**6. സെന്റ് ഫ്രാൻസിസ് ഡി സാലസ് കോൺവെന്റ്, പുന്നപ്ര**

ആകെ 4 അംഗങ്ങളാണുള്ളത്. ഇടവകതലത്തിൽ സജീവമായി പ്രവർത്തിക്കുന്നു. ബി.സി.സി., വിശ്വാസപരിശീലനം, പഠനത്തിൽ പിന്നോക്കം നൽക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ ക്ലാസ്, ഭവന സന്ദർശനം, സ്ത്രീകൾക്ക് തയ്യൽ പരിശീലനം, കുട്ടികൾക്കും അദ്ധ്യാപകർക്കും സെമിനാർ എന്നിവ നടത്തിവരുന്നു.

**7. ഐറിൻ ഹോം, ആലപ്പുഴ**

ആകെ 5 അംഗങ്ങളാണുള്ളത്. ഇടവകതലത്തിലും രൂപതാതലത്തിലുമുള്ള വിശ്വാസപരിശീലനം, ബി.സി.സി., വിവാഹ ഒരുക്ക കോഴ്സ്, ഇടവക സന്ദർശനം, സ്കൂൾ, ഓർഫണേജ്, ജയിൽ എന്നിവിടങ്ങളിൽ കൗൺസലിംഗ് എന്നിവ നടത്തിവരുന്നു.

**8. ജ്യോതിഭവൻ കോൺവെന്റ്, മംഗലം**

ആകെ 4 അംഗങ്ങളാണുള്ളത്. രൂപതാതല സി.ആർ.ഐ. കൗൺസിലിംഗ്, പാരീഷ് കൗൺസിൽ, സ്വയം തൊഴിൽ പ്രോജക്ടിലൂടെ സ്ത്രീകൾക്ക് തൊഴിൽ ചെയ്യാനുള്ള സാമ്പത്തിക സഹായം, ഭവന സന്ദർശനം, രോഗി സന്ദർശനം, ബി.സി.സി. ആനിമേറ്റേഴ്സ്, മുതിർന്നവർക്ക് വിശ്വാസപരിശീലനം, തയ്യൽ പരിശീലനം, ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം എന്നീമേഖലകളിൽ പ്രവർത്തിക്കുന്നു.

**9. തിരുഹൃദയമഠം, വെള്ളാപ്പള്ളി**

ആകെ 4 അംഗങ്ങളാണുള്ളത്. രൂപതാ സുവിശേഷഭവൻ സെക്രട്ടറി, മതബോധനം, ബി.സി.സി, ഭവനസന്ദർശനം, ജീസസ് യൂത്ത് ആനിമേറ്റർ, തിരുബാലസഖ്യം, ലീജൻ ഓഫ് മേരി, വിൻസെന്റിപോൾ, വിശ്വാസപരിശീലനം, ഇടവകയിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയ രണ്ടുകുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി, യൂണിറ്റിന് സെമിനാർ, ദമ്പതിമാർക്ക് സെമിനാർ, കിടപ്പു രോഗികളെ സന്ദർശിച്ചു സമ്മാനങ്ങൾ നൽകൽ എന്നിവയാണ് പ്രവർത്തനങ്ങൾ.

**10. സെന്റ് ആൻസ് കോൺവെന്റ്, സീവ്യൂ**

ആകെ 6 അംഗങ്ങളാണുള്ളത്. ഇടവകതലത്തിൽ സജീ

വമായി പ്രവർത്തിക്കുന്നു. വിശ്വാസപരിശീലനം, ബി.സി.സി., ഭവന സന്ദർശനം, രോഗി സന്ദർശനം, എന്നിവ നടത്തിവരുന്നു.

**11. കപ്പൂച്ചിൻ ആശ്രമം, തുമ്പോളി**

ആകെ 17 അംഗങ്ങളാണുള്ളത്. വിശ്വാസപരിശീലനം, യൂത്ത് ഫോർമേഷൻ, ആത്മീയ സേവനങ്ങൾ, യുവജന രൂപീകരണം, കുട്ടികൾക്കും മുതിർന്നവർക്കും സെമിനാർ എന്നിവ നടത്തിവരുന്നു.

**12. ഫാത്തിമ മാതാ കോൺവെന്റ്, വട്ടയാൽ**

ആകെ 5 അംഗങ്ങളാണുള്ളത്. ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നു, വിശ്വാസപരിശീലനം, ബി.സി.സി. കൗൺസിലിംഗ്, ഭവനസന്ദർശനം, അക്ഷരം പഠിപ്പിക്കൽ, സാമ്പത്തിക സഹായം എന്നിവ നടത്തിവരുന്നു.

**13. സെന്റ് തോമസ് കാർമ്മൽ കോൺവെന്റ്, തുമ്പോളി**

ആകെ 5 അംഗങ്ങളാണുള്ളത്. ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും പ്രത്യേകമായി വിശ്വാസപരിശീലനം, ബി.സി.സി. എന്നിവയിൽ സജീവമായി പങ്കെടുക്കുന്നു. ആഴ്ചയിൽ ഒരുദിവസം ഇടവകയിലെ ഒരു കുടുബത്തെ കോൺവെന്റിലേയ്ക്ക് ക്ഷണിക്കുകയും അവരുടെ പ്രശ്നങ്ങൾ കേൾക്കുകയും അവർക്കുവേണ്ടി ആരാധനയിൽ പ്രാർത്ഥിക്കുകയും ചെയ്യുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് നൽകി വരുന്നു.

**14. ഷന്താൾ വിസിറ്റേഷൻ ഹോസ്റ്റൽ**

ആകെ 3 അംഗങ്ങളും 25 ഹോസ്റ്റലേഴ്സും നിലവിലുണ്ട്. ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നു. വിശ്വാസപരിശീലനം, ബി.സി.സി., ഭവനസന്ദർശനം, സ്ത്രികളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇതെല്ലാമാണ് പ്രധാനമായും ചെയ്തുവരുന്നത്.

**15. മരിയഹൃദയ പുത്രിമാരുടെ സഭ, ആലപ്പുഴ**

ആകെ 6 അംഗങ്ങളാണുള്ളത്. ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നു. വിശ്വാസപരിശീലനം, ബി.സി.സി. കൗൺസിലിംഗ്, ഭവനസന്ദർശനം, പ്രാർ

ത്ഥന കൂട്ടായ്മ, യുവജന ശുശ്രൂഷ, ഭക്തസംഘടനകളുടെ ആനിമേഷൻ, വിവാഹത്തിന് യുവതീയുവാക്കളെ ഒരുക്കൽ എന്നിവയാണ് പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ. പലവ്യക്തികളുടെ സഹായത്തോടെ ഒരുഭവനം നിർമ്മിച്ചു നൽകാൻ സാധിച്ചു. 4 നിർദ്ധനരായ യുവതികൾക്ക് 25000 രൂപാ വീതം വിവാഹ സഹായം. വിദ്യാഭ്യാസ സഹായം, രൂപതയിൽ സംഘടിപ്പിച്ച സാമൂഹിക സാംസ്ക്കാരിക പരിപാടികളിൽ പങ്കെടുത്തു, മാസത്തിൽ രണ്ടു പ്രാവശ്യം നടത്തപ്പെടുന്ന വയോമിത്രം മെഡിക്കൽ ചെക്കപ്പ് പ്രോഗ്രാമിന് നേതൃത്വം നൽകിവരുന്നു.

**16. കനോസാ കോൺവെന്റ്, ആലപ്പുഴ**

ആകെ 9 അംഗങ്ങളാണുള്ളത്. ഇടവകതലത്തിലും രൂപതാതലത്തിലും സജീവമായി പ്രവർത്തിക്കുന്നു. വിശ്വാസപരിശീലനം, ബി.സി.സി. കൗൺസിലിംഗ്, ബോധവത്ക്കരണക്ലാസ്, ഭവനസന്ദർശനം, 30 പാവപ്പെട്ട കുടുംബങ്ങൾക്ക് സഹായം, വിവാഹ സഹായം, ചികിത്സാ സഹായം, ഭക്ഷണകിറ്റ് വിതരണം, ഭവന നിർമ്മാണത്തിന് രണ്ടു കുടുംബങ്ങൾക്ക് സഹായം, കുട്ടികൾക്കും അദ്ധ്യാപകർക്കും ധ്യാനം, വൃദ്ധസദനം സന്ദർശിക്കൽ, വയനാട് ദുരിതബാധിതർക്ക് സഹായം എന്നിവയാണ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ.

**17. സെന്റ് ആൻസ് കോൺവെന്റ്, മാനാശ്ശേരി**

ആകെ 2 അംഗങ്ങളാണുള്ളത്. ഇടവകതലത്തിലും രൂപതാതലത്തിലും സജീവമായി പ്രവർത്തിക്കുന്നു. വിശ്വാസപരിശീലനം, ബി.സി.സി., പ്രായമായവരെയും രോഗികളെയും സന്ദർശിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്.

**18. ഔർ ലേഡി ഓഫ് ഹെൽത്ത് കോൺവെന്റ്, സൗദി**

ആകെ 5 അംഗങ്ങളാണുള്ളത്. പയസ് അസോസിയേഷൻ, ലിറ്റിൽ വേ, ലീജിയൻ ഓഫ് മേരി, കെ.സി.വൈ.എം., ഹോളിചൈൽഡ് ഹുഡ് എന്നീ സംഘടനകളിൽ സജീവമായി പ്രവർത്തിച്ചു വരുന്നു. വിശ്വാസ പരിശീലനം, പാവപ്പെട്ട കുട്ടികൾക്ക് റ്റ്യൂഷൻ, തയ്യൽ പരിശീലനം, സാമ്പത്തിക സഹായം എന്നിവ നൽകിവരുന്നു.

**19. ആശ്വാസഭവൻ, ഫോർട്ടു കൊച്ചി**

ആകെ 5 അംഗങ്ങളാണുള്ളത്. മിഷൻ ആക്റ്റിവിറ്റികൾ, ഹോം മിഷൻ, ആദ്ധ്യാത്മികവും വിദ്യാഭ്യാസപരവുമായിട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ചെയ്തുവരുന്നു.

**20. കനോഷ്യൻ സിസ്റ്റേഴ്സ് ഹോളിഫെയ്സ് ചാപ്പൽ കണ്ടകടവ്**

ആകെ 5 അംഗങ്ങളാണുള്ളത്. ഇടവകതലത്തിൽ സജീവമായി പ്രവർത്തിക്കുന്നു. ബി.സി.സി., വിശ്വാസപരിശീലനം, ഭവന സന്ദർശനം, ആദ്ധ്യാത്മികവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം മുതലായവയാണ് പ്രവർത്തനങ്ങൾ.

**21. ക്ലാരിസ്ഭവൻ, അന്ധകാരനഴി**

ആകെ 4 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസപരിശീലനം, ഭവന സന്ദർശനം, ആദ്ധ്യാത്മികവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം പാവപ്പെട്ടവരുടെ ആവശ്യങ്ങളിൽ സഹായം ഇവയെല്ലാമാണ് പ്രവർത്തനങ്ങൾ.

**22. കനോസാ കോൺവെന്റ്, പള്ളിത്തോട്**

ആകെ 4 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസപരിശീലനം, ഭവന സന്ദർശനം, ആദ്ധ്യാത്മികവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം, കുടുംബങ്ങൾക്ക് ചികിത്സാ സഹായം, കുടുംബങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കൽ ഇവയെല്ലാമാണ് പ്രവർത്തനങ്ങൾ.

**23. ഡൊറോത്യൻ സിസ്റ്റേഴ്സ്, കരുമാഞ്ചേരി**

ആകെ 5 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസപരിശീലനം, ഭവന സന്ദർശനം, എല്ലാ സമിതികളിലും അവരുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക ഇവയെല്ലാമാണ് പ്രവർത്തനങ്ങൾ.

**24. ലിസ്യൂസ് നിവാസ് കോൺവെന്റ്, അർത്തുങ്കൽ**

ആകെ 5 അംഗങ്ങളാണുള്ളത്. രൂപതാതലത്തിലും ഇടവകതലത്തിലും സജീവമായി പ്രവർത്തിക്കുന്നു. ബി.സി.സി., വിശ്വാസപരിശീലനം, ഭവന സന്ദർശനം, കുടുംബങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക, ചികിത്സാ സഹായം, പാവപ്പെട്ട് കുടുംബ

ങ്ങളിലെ കുട്ടികൾക്ക് പഠനോപകരണങ്ങളും സ്കോളർഷിപ്പും നൽകൽ, കുട്ടികൾക്കും യുവജനങ്ങൾക്കും പ്രായമുള്ളവർക്കും സെമിനാർ, കുട്ടികൾക്ക് കൗൺസിലിങ്ങ്, മെഡിക്കൽ ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക മുതലായവയാണ് പ്രവർത്തനങ്ങൾ.

**25. അമലോത്ഭവനാഥയുടെ ദാസികളുടെ സന്യാസസഭ, പാർമ, അർത്തുങ്കൽ**

ആകെ 3 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസ പരിശീലനം, ഭവന സന്ദർശനം, ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം, പാവപ്പെട്ട കുടുംബങ്ങൾക്ക സഹായം നൽകൽ എന്നിവയാണ് പ്രവർത്തനങ്ങൾ.

**26. സെന്റ് സെബാസ്റ്റ്യൻസ് വിസിറ്റേഷൻ കോൺവെന്റ്, അർത്തുങ്കൽ**

ആകെ 17 അംഗങ്ങളാണുള്ളത്. രൂപതാതലത്തിലും ഇടവകതലത്തിലും സജീവമായി പ്രവർത്തിക്കുന്നു. ബി.സി.സി., വിശ്വാസപരിശീലനം, ഭവന സന്ദർശനം, ഹോം മിഷൻ, കൗൺസിലിംങ്ങ്, ഫൊറോനാ തലത്തിലും ഇടവക തലത്തിലുമുള്ള യൂത്ത് പ്രോഗ്രാം സംഘടിപ്പിക്കുക എന്നിവയാണ് പ്രവർത്തനങ്ങൾ.

**27. മോണോതേസ്സാ കോൺവെന്റ്, വനസ്വർഗം**

ആകെ 5 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസ പരിശീലനം, പഠനത്തിൽ പിന്നോക്കം നൽക്കുന്ന കുട്ടികൾക്ക് റ്റ്യൂഷൻ, ഹെൽത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഇടവകയിൽ രോഗികളായി കഴിയുന്നവർക്ക് സഹായം നൽകൽ ഇവയെല്ലാമാണ് പ്രവർത്തനങ്ങൾ.

**28. ബഥനി കോൺവെന്റ്, തൈക്കൽ**

ആകെ 4 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസ പരിശീലനം, ഭവനസന്ദർശനം, കൗൺസിലിംങ്ങ് നൽകുക എന്നിവയാണ് പ്രവർത്തനങ്ങൾ.

**29. സെന്റ് ഫ്രാൻസിസ് നിത്യാരാധനാ മഠം, മായിത്തറ**

ആകെ15 അംഗങ്ങളാണുള്ളത്. സഭയുടെ ഉന്നതിക്കുവേണ്ടി നിരന്തരം പ്രാർത്ഥനാ ശുശ്രൂഷകളിൽ ഏർപ്പെടുന്നു.

**30. ഹോളിക്രോസ് കോൺവെന്റ്, ചേന്നവേലി**

ആകെ 3 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസ പരിശീലനം, കുടുംബങ്ങൾക്ക് കൗൺസിലിംങ്ങ്, ഭവന സന്ദർ ശനം, രോഗികളെ സന്ദർശിക്കൽ, എന്നിവയാണ് പ്രവർത്ത നങ്ങൾ.

**31. കനോഷ്യൻ കോൺവെന്റ്, മായിത്തറ**

ആകെ 3 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസ പരിശീലനം, പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കൽ, യുവജനകൂട്ടായ്മ, ഏകസ്ഥർക്കായുള്ള കൂട്ടായ്മ, വനിതകളുടെ ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ചെയ്തുവരു ന്നത്.

**32. സെന്റ് ജോസഫ്സ് കോൺവെന്റ്, ചെത്തി**

ആകെ 5 അംഗങ്ങളാണുള്ളത്. രൂപതാതലത്തിലും ഇട വകതലത്തിലും സജീവമായി പ്രവർത്തിക്കുന്നു. ബി.സി.സി., വിശ്വാസപരിശീലനം, ഭവനസന്ദർശനം, ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ, രോഗീ സന്ദർശനം, പഠനത്തിൽ പിന്നോക്കം നൽക്കുന്ന കുട്ടികൾക്ക് പ്രത്യാക ക്ലാസ് തുടങ്ങിയ പ്രവർത്ത നങ്ങളാണ് ചെയ്തുവരുന്നത്.

**33. സിസ്റ്റേഴ്സ് ഓഫ് സെന്റ് മാർത്താ കോൺവെന്റ്, ആയിരംതൈ**

ആകെ 4 അംഗങ്ങളാണുള്ളത്. രൂപതാതലത്തിലും ഇട വകതലത്തിലും സജീവമായി പ്രവർത്തിക്കുന്നു. ബി.സി.സി., വിശ്വാസപരിശീലനം, ഭവനസന്ദർശനം, രോഗീ സന്ദർശനം, കൗൺസിലിംങ്ങ് തുടങ്ങിയ പ്രവർത്തനങ്ങളാണ് ചെയ്തുവരു ന്നത്.

**34. സെന്റ് തെരേസാസ് കോൺവെന്റ്, ഓമനപ്പുഴ**

ആകെ 4 അംഗങ്ങളാണുള്ളത്. രൂപതാതലത്തിലും ഇട വകതലത്തിലും സജീവമായി പ്രവർത്തിക്കുന്നു. ബി.സി.സി., വിശ്വാസപരിശീലനം, ഭവനസന്ദർശനം, രോഗീ സന്ദർശനം, കൗൺസിലിംങ്ങ്, സോഷ്യൽ വർക്ക, 6 വ്യക്തികൾക്ക് ചികിത്സാ

സഹായം, വിദ്യാഭ്യാസ സഹായം നൽകൽ എന്നിവയാണ് പ്രവർത്തനങ്ങൾ.

**35. മരിയഭവൻ ഓൾഡ് എയ്ജ് ഹോം, കാട്ടൂർ**

ആകെ 4 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസ പരിശീലനം, ഭവനസന്ദർശനം, സംഘടനകളിലെ സജീവ പങ്കാളിത്തം, പാവപ്പെട്ട 95 കുടുംബങ്ങളിലെ സ്ത്രീകളുടെ ഉപജീവന പദ്ധതി പ്രോജക്ട്, എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

**36. വിൻസെന്റ് പള്ളോട്ടി കോൺവെന്റ്, കാട്ടൂർ**

ആകെ 4 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസ പരിശീലനം, ഭവനസന്ദർശനം, സംഘടനകളിലെ സജീവ പങ്കാളിത്തം, കൗൺസിലിങ്ങ്, യുവജനങ്ങൾക്ക് ബോധവത്ക്കരണ ക്ലാസ്, സെമിനാർ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

**37. വിൻസെന്റ് പള്ളോട്ടി ബോയ്സ് ഹോം, കാട്ടൂർ**

ആകെ 2 അംഗങ്ങളാണുള്ളത്. 2010 മുതൽ ഇറ്റലിയിലുള്ള സ്പോൺസർമാരുടെ സഹായത്തോടെ 12 കുട്ടികൾക്ക് പഠനസഹായം നൽകിവരുന്നു.

**38. ഹോളി എയ്ഞ്ചൽസ് കോൺവെന്റ്, കലവൂർ**

ആകെ 5 അംഗങ്ങളാണുള്ളത്. കൃപാസനം ധ്യാനകേന്ദ്രത്തിൽ ഒരാൾ സേവനം ചെയ്യുന്നു. രോഗികളെയും പ്രായമുള്ളവരെയും സന്ദർശിക്കുന്നു, വിശ്വാസ പരിശീലനം നൽകുന്നു, ബി.സി.സി. യിലെ സജീവ പങ്കാളിത്തം, എന്നിവയാണ് പ്രവർത്തനങ്ങൾ. റിപ്പോർട്ട് വർഷം 10 കുടുംബങ്ങൾക്ക് ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു, നല്ലപാഠം പദ്ധതിയിലൂടെ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകി. വയനാട് ദുരന്ത ബാധിതരെ സഹായിച്ചു.

**39. ഹോളി ഫാമിലി വിസിറ്റേഷൻ പ്രോവിൻഷ്യലേറ്റ്, പാതിരാപ്പള്ളി**

ആകെ 4 അംഗങ്ങളാണുള്ളത്. വലിയകലവൂർ പള്ളിയിലും ചെട്ടികാട് മരിയഗൊരേറ്റി പള്ളിയിലും സജീവമായി പ്രവർത്തിക്കുന്നു. ബി.സി.സി., വിശ്വാസപരിശീലനം, ഭവനസന്ദർശനം, ഇവയെല്ലാമാണ് പ്രധാന പ്രവർത്തനങ്ങൾ.

**40. സ്നേഹഭവൻ, കലവൂർ**

ആകെ 4 അംഗങ്ങളാണുള്ളത്. ബി.സി.സി., വിശ്വാസപരിശീലനം, ഭവനസന്ദർശനം, കൗൺസിലിംങ്ങ്, യുവജനങ്ങൾക്കും വനിതകൾക്കും ബോധവത്ക്കരണ ക്ലാസ് എന്നിവ ചെയ്തു വരുന്നു.

**41. പ്രസന്റേഷൻ ആരാം, കലവൂർ**

ആകെ 3 അംഗങ്ങളാണുള്ളത്. ക്യാറ്റിക്കിസം പഠിപ്പിക്കുന്നു. ഇത് ഒരു ഓൾഡ് എയ്ജ് ഹോം ആണ്. ഇവിടെ 25 അംഗങ്ങൾ താമസിക്കുന്നു. അതിൽ 9 പുരുഷന്മാരും 16 സ്ത്രീകളുമുണ്ട്. ഇടവകയിൽ നിന്നുള്ള 4 പേർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്.

**42. ലിറ്റിൽ ഫ്ളവർ വിസിറ്റേഷൻ കോൺവെന്റ്, കലവൂർ**

ആകെ 4 അംഗങ്ങളാണുള്ളത്. വിശ്വാസ പരിശീലനം, ബി.സി.സി, എന്നിവയിൽ പങ്കാളിത്തം, അൾത്താരബാലകന്മാർക്ക് ആത്മീയമായ പരിശീലനം, വിദ്യാഭ്യാസ ധന സഹായം, രോഗികൾക്ക് സാമ്പത്തിക സഹായം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

**43. ഹോളിഫാമിലി ഭവൻ, പൊള്ളേത്തൈ**

ആകെ 9 അംഗങ്ങളാണുള്ളത്. രൂപതാതലത്തിലും ഫൊറോനാ തലത്തിലും ഇടവകതലത്തിലും സജീവമായി പ്രവർത്തിക്കുന്നു. വിവിധ സംഘടനകളിൽ പ്രവർത്തിക്കുന്നു. പാവപ്പെട്ട 20 കുടുംബങ്ങൾക്ക് വിദ്യാഭ്യാസ സഹായം, കുട്ടികൾക്ക് ധ്യാനം, വിശ്വാസപരിശീലനം, കൗൺസലിങ്ങ്, പഠനത്തിൽ പിന്നോക്കം നൽക്കുന്ന കുട്ടികൾക്ക് പ്രത്യേക കരുതൽ, യുവജനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രോഗ്രാമുകൾ എന്നിവ നടത്തിവരുന്നു.

**44. സെന്റ് ജോസഫ്സ് കോൺവെന്റ്, ആലപ്പുഴ**

ആകെ 21 അംഗങ്ങളാണുള്ളത്. രൂപതാതലത്തിലും ഫൊറോനാ തലത്തിലും ഇടവകതലത്തിലും സജീവമായി പ്രവർത്തിക്കുന്നു. ബി.സി.സി, സുവിശേഷഭവൻ, കെ.സി.വൈ.എം., ബൈബിൾ കമ്മീഷൻ, ബീഡ്, ഹോളിചൈൽഡ് ഹുഡ്, കെ.എൽ.സി.ഡബ്ല്യൂ.എ. എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു. പാവ

പ്പെട്ടവർക്ക് സാമ്പത്തിക സഹായം, റ്റി.ബി. രോഗമുള്ളകുട്ടികൾക്ക് പോഷക ആഹാരം, ചികിത്സാസഹായം, പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, കുട്ടികൾക്കും അദ്ധ്യാപകർക്കും ധ്യാനം, മോട്ടിവേഷൻ ക്ലാസ്, ഭവനനിർമ്മാണത്തിന് സാമ്പത്തികസഹായം എന്നിവ നൽകിവരുന്നു.

## Forthcoming Events in 2025

### Forane Gathering - Conference
### Time- 3.00 pm to 5.00 pm

| | | |
|---|---|---|
| February 24 | - | Alappuzha & Punnapra |
| February 25 | - | Katoor & Arthunkal |
| February 26 | - | Kandakadavu & Manakodam |
| March 8 | - | Diocesan Pastoral Council |
| March 12 | - | Priests’ Senate |
| April 16-17 | - | Chrism Mass and Monthly Recollection |
| May | - | No Conference |
| June 16, 17, 18. | - | Forane Conference |
| July 6-11 | - | Annual Retreat for Priests First Batch |
| July 13-18 | - | Annual Retreat for Priests Second Batch |
| August 13 | - | Common Conferences. |
| Sept 13 | - | Diocesan Pastoral Conference |
| Sept 17 | - | Priests’ Senate |
| October | - | Forane Conference |
| November 12 | - | Common Conference |
| December | - | Christmas Gathering. |

## New Appointment

The following persons are appointed as the **Members of the Diocesan Team of Commission for Migrants** with effect from 05 January 2025.

1. Rev. Sr. Sincy Mathew SVC
   Sacred Heart Church, Mayithara
2. Delma R. Kandathil
   Holy Family Church, Chathanadu
3. Joby George Thyvelikakath
   Our Lady of Assumption Church, Puthencadu
4. Jose George
   Sacred Heart Church, Mayithara
5. Molamma P. F. Pallengattu
   St. Francis Assisi Church, Vellappally
6. Rosemary Joseph Naduvilaveedu
   Sacred Heart Church, Mayithara
7. Sebastian V.C. Vazhakoottathil
   St. Thomas Church, Thumpoly
8. Joseph Shony Puthenpurackal
   St. John Maria Vianney Church, Punnapra
9. John Jackson K. J. Kunnel House
   St. George Forane Church, Manakodam,
10. Sofy Raju Pollayil
    Our Lady of Health Church, Saudi
11. Binu Varghese Pallickathayil,
    St. Andrew's Basilica, Arthunkal,
12. Leo Cheriyan Palliparambil
    Little Flower Church, Kalavoor

## വൈദികമാസ യോഗ റിപ്പോർട്ട്

ജനുവരി മാസത്തിലെ വൈദികരുടെ മാസ ധ്യാനവും യോഗവും ജനുവരി എട്ടാം തീയതി രാവിലെ 10 മണിക്ക് കർമ്മ സദനിയിൽ വച്ച് നടത്തപ്പെട്ടു. പുന്നപ്ര സെന്റ് ജോൺ മരിയ വിയാനി ഇടവക വികാരി ഫാ. ക്ലീറ്റസ് കാരക്കാട് വചന വിചിന്തനം നടത്തി. പുതിയൊരു വർഷത്തിൽ ആയിരിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാവേണ്ട ചില ചിന്തകളെയും തീരുമാനങ്ങളെയും കുറിച്ച് ഉദ്ബോധിപ്പിച്ചു. ജീവിതത്തിൽ നാം നടത്തേണ്ട സ്റ്റോപ്പ് ലുക്ക് ആൻഡ് പ്രൊസീഡ് എന്ന സമീപനത്തെ പരിചയപ്പെടുത്തുകയും ചെയ്തു. തുടർന്ന് വൈദികർക്ക് കുമ്പസാരത്തിനുള്ള സൗകര്യം ഉണ്ടായിരുന്നു. ശേഷം പരിശുദ്ധ കുർബാനയുടെ ആശിർവാദത്തോടുകൂടി ധ്യാനം അവസാനിച്ചു.

മാസയോഗത്തിൽ ആലപ്പുഴ രൂപതയിൽ ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുവാൻ ഒരുങ്ങിയിരിക്കുന്ന ഡീക്കന്മാരായ അമൽ ഫ്രാങ്ക്ളിൻ മാണിയാപൊഴിയിൽ, ആൽബിൻ മൈക്കിൾ അറയ്ക്കൽ, അഗസ്റ്റിൻ ബെനവന്തൂർ വെളിയിൽ, തോമസ് കുഞ്ഞ്കുഞ്ഞ്, ജോഫിൻ ജെ. ചുള്ളിക്കൽ എന്നിവരെ പരിചയപ്പെടുത്തിക്കൊണ്ട് അഭിവന്ദ്യ പിതാവ് മാസയോഗം ആരംഭിച്ചു. ചർച്ചയ്ക്കായി അഭിവന്ദ്യ പിതാവ് നൽകിയ ആദ്യത്തെ അജണ്ട വിവാഹ കൂദാശയെക്കുറിച്ചും ഡിസ്പാരിറ്റി ഓഫ് കൾട്ട് കേസുകളെക്കുറിച്ചും അതിന്റെ അജപാലനപരമായ സമീപനത്തെയും കാനോനിക സിവിൽ നിയമങ്ങളിലുള്ള ഭേദഗതികളെക്കുറിച്ചും ഉള്ളതായിരുന്നു. വളരെ ഫലപ്രദമായ ചർച്ചയ്ക്ക് വൈദിക കൂട്ടായ്മയുടെ പരിപൂർണ്ണ സഹകരണം ഉണ്ടായിരുന്നു. കെസിബിസി പുറത്തിറക്കിയ  കുർബാന ധർമ്മത്തിന്റെ പരിഷ്കരണത്തെക്കുറിച്ച് അഭിവന്ദ്യ പിതാവ് വൈദിക കൂട്ടായ്മയെ അറിയിച്ചു. തുടർന്ന് ജൂബിലി വർഷത്തിൽ ഫാമിലി മിനിസ്ട്രി സംഘടിപ്പിക്കുന്ന പരിപാടികളെക്കുറിച്ച് ഡയറക്ടർ ഫാ. ജോയ് അറയ്ക്കൽ വൈദിക കൂട്ടായ്മ അറിയിച്ചു. തുടർന്ന്  പ്രാർത്ഥനയോടുകൂടി യോഗം അവസാനിച്ചു.

# ADC & SW SOCIETY NEWS

## ആലപ്പുഴ രൂപതാ സൊസൈറ്റിയുടെ 2024 മാസത്തെ പ്രവർത്തന റിപ്പോർട്ട്

**കോൾപിംഗ് ആലപ്പുഴ**

**നാഷണൽ കോർഡിനേഷൻ മീറ്റിംഗ്**

2024 ഡിസംബർ 10,11 തിയ്യതികളിലായി ചെന്നൈയിൽ വെച്ച് നടന്ന നാഷണൽ കോർഡിനേഷൻ മീറ്റിംഗിൽ കോൾപിംഗ് ഡയറക്ടർ ഫാ.സാംസൺ ആഞ്ഞിലിപ്പറമ്പിൽ, കോർഡിനേറ്റർ ശ്രീമതി ഫിലോമിന ബെന്നി, നാഷണൽ പ്രസിഡന്റ് സാബു വി. തോമസ് എന്നിവർ പങ്കെടുത്തു.

2024 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 25 ആടുവളർത്തൽ ലോണും 25 ടോയ്‌ലറ്റ് നിർമ്മിക്കാനുള്ള ലോണും 10 വീട് നിർമിക്കാനുള്ള ലോണും ഗ്രൂപ്പ് ആയിട്ടു സ്വയം തൊഴിൽ ചെയ്യുന്നതിനായി 2 ലക്ഷം രൂപയുടെ ലോണും, സ്വയം തൊഴിൽ ഉത്പന്നങ്ങളുടെ ഔട്ട് ലെറ്റ് തുടങ്ങുന്നതിനായി ഒരു ലക്ഷം (Rs.100000/- ) രൂപ ആശ്വാസ് കോൾപിംഗ് യൂണിറ്റ് പുന്നപ്രക്ക് നൽകി.

**ജനറൽ ബോഡി മീറ്റിംഗ്**

കോൾപിംഗ് ആലപ്പുഴയുടെ ജനറൽ ബോഡി മീറ്റിംങ്ങും ക്രിസ്മസ് ആഘോഷവും 2024 ഡിസംബർ 18 നു ആലപ്പുഴ രൂപത സൊസൈറ്റിയിൽ വെച്ച് നടത്തി. ഈ മീറ്റിംഗിൽ കോൾപിംഗ് ആലപ്പുഴയുടെ യൂണിറ്റുകളുടെ ഭാരവാഹികൾ പങ്കെടുത്തു കോൾപിംഗ് ദിനാഘോഷത്തിനും കുടുംബ സംഗമത്തിനും നേതൃത്വം നൽകിയ കൺവീനർ കണ്ടക്കടവ് ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. പൊന്നനെയും, ആനിമേറ്റർ ശ്രീമതി സോഫി രാജുവിനെയും പൊന്നാട അണിയിച്ചു ആദരിച്ചു. കണ്ടക്കടവ് ഫെഡറേഷനിലെയും മുഴുവൻ ഗ്രൂപ്പ് അംഗങ്ങൾക്കും കോൾപിംഗ് ആലപ്പുഴയുടെ നന്ദിയും കടപ്പാടും അറിയിച്ചു കൊണ്ടാണ് കൺവീനർമാരെ ആദരിച്ചത്. കോൾപിംഗ് ദിനാഘോഷത്തിന്റെ വരവു ചെലവ് കണക്കു അവതരിപ്പിച്ചു. പഴയ യൂണിറ്റുകളുടെ 2025 ലെ രെജിസ്ട്രേഷൻ പുതുക്കേണ്ട അവസാനതീയതി ജനുവരി

20 ആണെന്നും . 2025 ൽ ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ജനുവരി 31 ആണെന്നും അറിയിച്ചു.

**ആശാകിരണം കാൻസർ സുരക്ഷാ യജ്ഞം ചികിത്സാ സഹായം**

ആശാകിരണം കാൻസർ സുരക്ഷ യജ്ഞത്തിന്റെ ഭാഗമായി 2024 ഡിസംബർ മാസത്തിൽ ആലപ്പുഴ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള 7 കാൻസർ രോഗികൾക്ക് 34,000/ രൂപ ചികിത്സാ സഹായം നൽകി.

**പ്രഷ്യസ് ചിൽഡ്രൻ പ്രോഗ്രാം**

ആലപ്പുഴ രൂപത സൊസൈറ്റിയുടെ പഠനസഹായ പദ്ധതിയുടെ ഭാഗമായി ഉപരിപഠന സഹായത്തിന് അർഹരായ എല്ലാ കുട്ടികളുടെയും അക്കൗണ്ടിലേക്കു പുതിയ ഫണ്ട് നിക്ഷേപിക്കാൻ ആരംഭിച്ചു. 5 കുട്ടികളുടെ അക്കൗണ്ട് ആക്റ്റീവ് ആക്കാൻ റിക്വസ്റ്റ് നൽകി. ഒരുകുട്ടിക്കു എഡ്യൂക്കേഷൻ എയ്ഡ് നൽകി. ഈ വിവർഷത്തെ സ്കോളർഷിപ് 262 കുട്ടുകൾക്കു നല്കി. സ്പോൺസേഴ്സിനുള്ള ക്രിസ്മസ് ആശംസ കത്തുകൾ ശേഖരിച്ചു.

**കാവൽ പദ്ധതി**

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് സാമൂഹിക പരിരക്ഷ നൽകുന്നത്തിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണ് കാവൽ. ആലപ്പുഴ രൂപതാ സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിലൂടെ 56 കേസുകൾ നിലവിൽകൈകാര്യംചെയ്യുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ വീടുകൾ സന്ദർശിച്ച് അവരുടെ ജീവിത ചുറ്റുപാടുകൾ നേരിട്ട് മനസിലാക്കി അവർക്കു വേണ്ട പിന്തുണ നൽകുന്ന ഈ പദ്ധതിയുടെ ഭാഗമായി 2024 ഡിസംബർ മാസം 21 ഭവന സന്ദർശനങ്ങൾ നടത്തുകയുണ്ടായി.

**മാനസിക പിന്തുണ**

കേസുകളിൽ ഉൾപ്പെട്ട കുട്ടികൾക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനായി കുട്ടികൾക്കും, അവരുടെ മാതാപിതാക്കൾക്കും കൗൺസിലിംഗ് സേവനങ്ങൾ നൽകി. ഡിസംബർ

മാസം 6 കുട്ടികൾക്ക് വ്യക്തികത കൗൺസിലിങ്ങും 7കുടുംബങ്ങൾക്ക് ഫാമിലി കൗൺസിലിങ്ങും നൽകി. ഇത് കൂടാതെ അടിയന്തിര സാഹചര്യങ്ങളിൽ 7 കുട്ടികൾക്ക് ടെലി കൗൺസിലിങ്ങും ലഭ്യമാക്കി.

**വിദ്യാഭ്യാസസഹായം**

4 കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം നൽകുകയും 5 പേർക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളെ പരിചയപ്പെടുത്തുകയും ചെയ്തു. ആലപ്പുഴ ജില്ലയിലെ വിവിധ പ്രൈവറ്റ്കോളേജുകളുടെയും, ഐ.ടി.ഐ പോലുള്ള തൊഴിലധിഷ്ഠിത സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടെ 3 കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്തു.

**നിയമസഹായം**

5 കുട്ടികളുടെ കേസുമായി ബന്ധപ്പെട്ട് അവർക്കനുവദിച്ചിട്ടുള സൗജന്യ നിയമ സഹായ സംവിധാനങ്ങളെ പറ്റി കുട്ടികൾക്കും മാതാപിതാക്കൾക്കും അവബോധം നല്കുകയും അവരുടെ സംശയങ്ങൾ പരിഹരിച്ചു നല്കുകയും ചെയ്തു.

**സാമ്പത്തിക സഹായം**

കാവലിൽ ഉൾപ്പെട്ട ഒരു കുട്ടിയുടെ സഹോദരിക്ക് എ.ഡി.എസിൽ നിന്നും ചികിത്സക്കായി ധനസഹായം നൽകി.

**കാവൽ പ്ലസ് പദ്ധതി**

ലൈംഗിക അതിക്രമങ്ങൾ നേരിട്ടവരും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളവരുമായ കുട്ടികൾക്കു വേണ്ടി സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് കാവൽ പ്ലസ്. ഈ പദ്ധതിയുടെ ഭാഗമായി 20 കുട്ടികളുടെ കേസുകൾ നിലവിൽ കൈകാര്യം ചെയ്യുന്നു.

2024 ഡിസംബർ മാസം 15 കുട്ടികളുടെ ഭവന സന്ദർശനം നടത്തുകയും 4 കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിങ്ങും 4 കുടുംബത്തിന് ഫാമിലി കൗൺസിലിങ്ങും ലഭ്യമാക്കി. ഇത് കൂടാതെ അടിയന്തിര സാഹചര്യങ്ങളിൽ 5 കുട്ടികൾക്ക് ടെലി കൗൺസിലിങ്ങും ലഭ്യമാക്കി.

കാവൽ പ്ലസ് പ്രൊജക്ടിലുള്ള ഒരു കുട്ടിക്ക് അടിയന്തര

സാഹചര്യത്തിൽ സുരക്ഷയും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനായി ഡിസംബർ മാസം കുട്ടിയെ സ്വവസതിയിൽ നിന്നും ഡബ്ല്യൂ.സി.എച്ചിലേക്ക് മാറ്റുകയും, കുട്ടിക്ക് മാനസിക പിന്തുണയും വ്യക്തിഗത കൗൺസിലിങ്ങും നൽകി. കുട്ടിയുടെ അമ്മയ്ക്കും വേണ്ട നിർദേശങ്ങൾ നൽകി കുട്ടിയുടെ സുരക്ഷയും കുട്ടിയെ മാറ്റി പാർപ്പിക്കുന്നതിന്റെ ആവശ്യകതയും കൗൺസിലിങ്ങിലൂടെ അറിയിച്ചു.

## 2025 ജനുവരി മാസത്തെ റിപ്പോർട്ട്

**അർത്തുങ്കൽ തിരുനാൾ ദിവ്യബലി**

അർത്തുങ്കൽ ബസിലിക്കയിലെ മകരം പെരുന്നാളിനോട് അനുബന്ധിച്ച് 2025 ജനുവരി 12 ന് നടന്ന ദിവ്യബലിയുടെ ക്രമീകരണങ്ങൾക്ക് കോൾപിംഗ് ആലപ്പുഴ നേതൃത്വം നല്കി. ആലപ്പുഴ രൂപതാ സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സാംസൺ ആഞ്ഞിലിപറമ്പിൽ ദിവ്യബലിക്ക് മുഖ്യ കാർമികത്വം വഹിച്ചു.

പുനലൂർ രൂപതാ കോൾപിംഗ് ഡയറക്ടർ ഫാ. വിൻസെൻറ് ഡി ക്രൂസ് വചനപ്രഘോഷണം നടത്തി. ആലപ്പുഴ രൂപതാ സൊസൈറ്റി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ .ഫാ. സെബാസ്റ്റ്യൻ കുറ്റിവീട്ടിൽ സഹകാർമികനായും ദിവ്യബലിയർപ്പിച്ചു. ആലപ്പുഴ രൂപതയിലെ വിവിധ കോൾപിംഗ് യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**കോൾപിംഗ് ഷോ കേസ്**

2025 ജനുവരി 4 ന് അർത്തുങ്കൽ ഫെഡറേഷന്റെ നേതൃത്വത്തിൽ കോൾപിംഗ് ഷോകേസ് എന്ന പ്രോഗ്രാമിൽ സംരംഭകർക്കായി കുഫോസ്, വ്യവസായ വകുപ്പ്, ഫിഷറീസ്, സാഫ് തീരമൈത്രി തുടങ്ങി വിവിധ ഡിപ്പാർട്മെന്റുകളിൽ നിന്നായി വന്നവർ ക്ലാസ് എടുക്കുകയും സംരംഭകർ അവരവരുടെ പ്രൊജക്റ്റ് അവതരിപ്പിക്കുയും ചെയ്തു.

**ആശാകിരണം കാൻസർ സുരക്ഷാ യജ്ഞം ചികിത്സാ സഹായം**

ആശാകിരണം കാൻസർ സുരക്ഷ യജ്ഞത്തിന്റെ ഭാഗ

മായി 2025 ജനുവരി മാസത്തിൽ ആലപ്പുഴ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള 10 കാൻസർ രോഗികൾക്ക് 53,000/ രൂപ ചികിത്സാ സഹായം നൽകി.

**പ്രഷ്യസ് ചിൽഡ്രൻ പ്രോഗ്രാം**

ആലപ്പുഴ രൂപത സൊസൈറ്റിയുടെ പഠനസഹായ പദ്ധതിയുടെ ഭാഗമായി ഉപരിപഠന സഹായത്തിന് അർഹരായ എല്ലാ കുട്ടികളുടെയും അക്കൗണ്ടിലേക്കു പുതിയ ഫണ്ട് നിക്ഷേപിക്കാൻ ആരംഭിച്ചു. 6 കുട്ടികളുടെ അക്കൗണ്ട് ആക്റ്റീവ് ആക്കാൻ റിക്വസ്റ്റ് നൽകി. ഒരുകുട്ടിക്കു എഡ്യൂക്കേഷൻ എയ്ഡ് നൽകി. ഈ വിവർഷത്തെ സ്കോളർഷിപ് 262 കുട്ടുകൾക്കുനല്കി സ്പോൺസേഴ്സിനുള്ള ക്രിസ്മസ് ആശംസ കത്തുകൾ ശേഖരിച്ചു ആ കത്തുകൾ സിസ്റ്റർ കലയുടെ ഓഫീസിൽ ഏല്പിച്ചു.

**കാവൽ പദ്ധതി**

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് സാമൂഹിക പരിരക്ഷ നൽകുന്നത്തിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണ് കാവൽ. ആലപ്പുഴ രൂപതാ സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിലൂടെ 53 കേസുകൾ നിലവിൽ കൈകാര്യംചെയ്യുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ വീടുകൾ സന്ദർശിച്ച് അവരുടെ ജീവിത ചുറ്റുപാടുകൾ നേരിട്ട് മനസിലാക്കി അവർക്കു വേണ്ട പിന്തുണ നൽകുന്ന ഈ പദ്ധതിയുടെ ഭാഗമായി 2025 ജനുവരി മാസം 16 ഭവന സന്ദർശനങ്ങൾ നടത്തുകയുണ്ടായി.

**മാനസികപിന്തുണ**

കേസുകളിൽ ഉൾപ്പെട്ട കുട്ടികൾക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനായി കുട്ടികൾക്കും, അവരുടെ മാതാപിതാക്കൾക്കും കൗൺസിലിംഗ് സേവനങ്ങൾ നൽകി. ജനുവരി മാസം 6 കുട്ടികൾക്ക് വ്യക്തികത കൗൺസിലിങ്ങും 5 കുടുംബങ്ങൾക്ക് ഫാമിലി കൗൺസിലിങ്ങും നൽകി. ഇത് കൂടാതെ അടിയന്തിര സാഹചര്യങ്ങളിൽ 9 കുട്ടികൾക്ക് ടെലി കൗൺസിലിങ്ങും ലഭ്യമാക്കി.

**വിദ്യാഭ്യാസസഹായം**

4 കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ

കുറിച്ച് അവബോധം നൽകുകയും 2 പേർക്ക് വിവിധ തൊഴില ധിഷ്ഠിത കോഴ്സുകളെ പരിചയപ്പെടുത്തുകയും ചെയ്തു. ആല പ്പുഴ ജില്ലയിലെ വിവിധ പ്രൈവറ്റ്കോളേജുകളുടെയും, ഐ.ടി.ഐ പോലുള്ള തൊഴിലധിഷ്ഠിത സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടെ 3 കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്തു നൽകി.

**നിയമസഹായം**

5 കുട്ടികളുടെ കേസുമായി ബന്ധപ്പെട്ട് അവർക്കനുവ ദിച്ചിട്ടുള സൗജന്യ നിയമ സഹായ സംവിധാനങ്ങളെക്കുറിച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കും അവബോധം നല്കുകയും അവരുടെ സംശയങ്ങൾ പരിഹരിച്ചു നല്കുകയും ചെയ്തു.

**ചികിത്സ സഹായം**

ഡീഅഡിക്ഷൻ ട്രീറ്റ്മെൻറ് ആവിശമായ കുട്ടിയെ ചികിത്സയ് ക്കായി സമൃദ്ധ ക്ലിനിക് ചങ്ങനാശ്ശേരിയിലേക്ക് പോലീസ് സഹാ യത്തോടെ കാവൽ ടീം അംഗങ്ങൾ കുട്ടിയെ ക്ലിനിക്കിൽ എത്തിച്ചു.

**കാവൽ പ്ലസ് പദ്ധതി**

ലൈംഗിക അതിക്രമങ്ങൾ നേരിട്ടവരും, ശ്രദ്ധയും സംര ക്ഷണവും ആവശ്യമുള്ളവരുമായ കുട്ടികൾക്കു വേണ്ടി സംസ്ഥാ ന വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് കാവൽ പ്ലസ്. ഈ പദ്ധതിയുടെ ഭാഗമായി 20 കുട്ടികളുടെ കേസുകൾ നിലവിൽ കൈകാര്യം ചെയ്യുന്നു.

2025 ജനുവരി മാസം 12 കുട്ടികളുടെ ഭവന സന്ദർശനം നടത്തുകയും 3 കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിങ്ങും 3 കുടുംബത്തിന് ഫാമിലി കൗൺസിലിങ്ങും ലഭ്യമാക്കി. ഇത് കൂടാതെ അടിയന്തിര സാഹചര്യങ്ങളിൽ 4 കുട്ടികൾക്ക് ടെലി കൗൺസിലിങ്ങും ലഭ്യമാക്കി.

**ഫാ. സെബാസ്റ്റ്യൻ കുറ്റിവീട്ടിൽ**
**അസിസ്റ്റന്റ് ഡയറക്ടർ, ADS**

**ഫാ. സാംസൺ ആഞ്ഞിലിപ്പറമ്പിൽ**
**ഡയറക്ടർ, ADS**

## കെ.സി.വൈ.എം. വാർത്തകൾ

യുവജ്യോതി കെസിവൈഎം ആലപ്പുഴ രൂപതയുടെ നേതൃത്വത്തിൽ രൂപത TIKVAH യുവജന സംഗമം നടത്തപ്പെട്ടു. ജനുവരി 5 ഞായറാഴ്ച രാവിലെ 9:30 ന് ആലപ്പുഴ കർമ്മസദൻ പാസ്റ്റൽ സെൻററിൽ നിന്ന് ആരംഭിച്ച യൂത്ത് ക്രോസ് പ്രയാണം ഭദ്രാസന ദേവാലയത്തിൽ സമാപിക്കുകയും, യൂത്ത് ക്രോസ് പ്രതിഷ്ഠിക്കുകയും തുടർന്ന് ആലപ്പുഴ രൂപത വികാരി ജനറൽ മോൺസിഞ്ഞൂർ ജോയ് പുത്തൻവീട്ടിലിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയിൽ ആലപ്പുഴ രൂപത ബിസിസി ഡയറക്ടർ റവ. ഫാ. ജോൺസൺ പുത്തൻവീട്ടിൽ വചനപ്രഘോഷണം നടത്തി. യുവജ്യോതി കെസിവൈഎം ആലപ്പുഴ രൂപത ഡയറക്ടർ റവ.ഫാ. തോമസ് മാണിയാപൊഴിയിൽ സഹകാർമികത്വം വഹിച്ചു. തുടർന്ന് 'കെസിവൈഎം എന്ത്' എന്ന വിഷയത്തിൽ കെസിവൈഎം മുൻ രൂപത പ്രസിഡന്റ് ശ്രീ. ക്ലീറ്റസ് കളത്തിൽ ക്ലാസ് നയിച്ചു. ഉച്ചകഴിഞ്ഞ് 'മഹാ ജൂബിലിയും യുവജനങ്ങളും' എന്ന വിഷയത്തിൽ ആലപ്പുഴ രൂപത സുവിശേഷഭവൻ ഡയറക്ടർ റവ ഫാ. സെബാസ്റ്റ്യൻ ശാസ്താംപറമ്പിൽ ക്ലാസ് നയിച്ചു, തുടർന്ന് ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. കെസിവൈഎം ജോയിൻ സെക്രട്ടറി ശ്രീ സൈറസ് എസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ കെസിവൈഎം രൂപത പ്രസിഡന്റ് ശ്രീ. റെനീഷ് ആന്റണി അധ്യക്ഷത വഹിച്ചു. ആലപ്പുഴ എം.പി. ശ്രീ. കെ. സി. വേണുഗോപാൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. 'കെസിവൈഎം സഭയുടെ മാത്രമല്ല സമൂഹത്തിന്റെയും മാറ്റങ്ങൾക്ക് വേണ്ടി ശബ്ദിച്ച് പ്രസ്ഥാനം' എന്ന് അദ്ദേഹം യുവജനങ്ങളെ ഓർമിപ്പിച്ചു. ആലപ്പുഴ രൂപത ബിഷപ്പ് അഭിവന്ദ്യ ജയിംസ് റാഫേൽ ആനാപറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി, 'സമൂഹത്തിന്റെ വിഷയങ്ങളിൽ യുവജനങ്ങൾ ഭയപ്പെടാതെ ഇടപെടണമെന്നും അതിനായുള്ള ധൈര്യം യുവതി യുവാക്കൾ ആർജിക്കണമെന്നും ബിഷപ്പ് അഭിപ്രായപ്പെട്ടു. രൂപത ഡയറക്ടർ റവ. ഫാ. തോമസ് മാണിയാ

പൊഴിയിൽ, ഫെറോന വികാരി വെരി റവ. ഫാ. ഫ്രാൻസിസ് കൊടിയനാട്, സിസ്റ്റർ ആനിമേറ്റർ സി. റീന തോമസ്, വൈസ് പ്രസിഡന്റ് കുമാരി അനാമിക സനൽ, കണ്ടക്കടവ് മേഖല പ്രതിനിധി ശ്രീ. ഇമ്മാനുവൽ ജോസഫ് എന്നിവർ സംസാരിച്ചു. തുടർന്ന് കലാപരിപാടികൾക്ക് ശേഷം യുവജന സംഗമം അവസാനിച്ചു. ഏകദേശം 400ലധികം യുവജനങ്ങൾ പങ്കെടുത്തു

**ഫാ. തോമസ് മാണിയാപൊഴിയിൽ**
ഡയറക്ടർ, യുവജ്യോതി KCYM
ആലപ്പുഴ രൂപത

*സുവിശേഷഭവൻ വാർത്തകൾ*

## കൗൺസിലിങ് കോഴ്സ്

കൗൺസിലിങ് കോഴ്സിന്റെ ഏഴാം ഘട്ട പരിശീലന കോഴ്സ് 2025 ജനുവരി 11, രാവിലെ 10 മണി മുതൽ ഉച്ചക്കഴിഞ്ഞ് 3.30 വരെ കർമ്മസദൻ പാസ്റ്റർ സെന്ററിൽ വച്ച് നടത്തി. റവ. ഡോ. രാജേഷ് പൊള്ളയിൽ Romantic Relationship and Break up എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. 47 പേർ ക്ലാസ്സിൽ പങ്കെടുത്തു.

**ഫാ. സൈറസ് കാട്ടുങ്കത്തയ്യിൽ**
അസി. ഡയറക്ടർ, സുവിശേഷഭവൻ

**ഫാ. സെബാസ്റ്റ്യൻ ശാസ്താംപറമ്പിൽ**
ഡയറക്ടർ, സുവിശേഷഭവൻ

**സി. മേരി ദംസിയാർ SVC**
സെക്രട്ടറി, സുവിശേഷഭവൻ

## ആലപ്പുഴ ഇന്റർനാഷണൽ മൈഗ്രന്റ്സ്'(എഐഎം) വാർത്തകൾ

ആലപ്പുഴ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന 'ആലപ്പുഴ ഇന്റർനാഷണൽ മൈഗ്രന്റ്സ്'(എ.ഐ.എം.) ഇറ്റലി യൂണിറ്റിന്റെ നേതൃത്വത്തിൽ റോമിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ നടത്തി.

റോമിലെ, ബസിലിക്ക ദി സാൻ ജൊവാനിയിൽ നടന്ന തിരുനാൾ സമൂഹബലിക്ക് ഫാ. സെബാസ്റ്റ്യൻ സൂരജ് തച്ചപ്പിള്ളി മുഖ്യകർമികത്വം വഹിച്ചു. ഫാ. ക്ലിന്റൺ ജോസഫ് സാംസൺ വചനപ്രഘോഷണം നടത്തി.

ഫാ. സോണി പനയ്ക്കൽ, ഫാ. ജോൺ ദാൽ, ഫാ. പോൾ സണ്ണി, ഫാ. ജോഷ്വാ ജോസഫ്, ഫാ. ജൂഡ് ജോബി, ഫാ. ക്ലമന്റ് വള്ളുവശ്ശേരി, ഫാ. നെയിൽ ചടയമുറി, ഫാ. ജോർജ്ജ് കടവുങ്കൽ തുടങ്ങിയവർ സഹകാർമ്മികരായി.

ദിവ്യബലിക്കുശേഷം വിശുദ്ധന്റെ തിരുസ്വരൂപവുമായി നടത്തിയ ആഘോഷമായ പ്രദക്ഷിണത്തിൽ ഇറ്റാലിയൻ സ്വദേശികൾ ഉൾപ്പെടെയുള്ള നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു. തുടർന്ന് സ്നേഹവിരുന്നും സംഘടിപ്പിച്ചിരുന്നു. എഐഎം ഇറ്റലി യൂണിറ്റ് പ്രസിഡന്റ് ശ്രീ. എബി അലോഷ്യസ്, ശ്രീ. ബോബൻ ആന്റണി, സെക്രട്ടറി ശ്രീമതി നിമ നെൽസൻ, ട്രഷറർ ശ്രീമതി സിബിൾ റോസ്, എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

എല്ലാവർഷവും ജനുവരിമാസത്തിൽ ആലപ്പുഴ രൂപതാംഗങ്ങളുടെ നേതൃത്വത്തിൽ റോമിൽ വിശുദ്ധ സെബാസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിക്കാറുണ്ട്. വിവിധ രൂപതകളിൽനിന്നുള്ള മലയാളികളും മറ്റ് ഇന്ത്യക്കാരും വിവിധ രാജ്യങ്ങളിൽനിന്നുള്ള വിശ്വാസികളുമടക്കം ഇത്തവണ വലിയ ജനപങ്കാളിത്തമാണ് പെരുന്നാളിന് ഉണ്ടായത്.

**ലിയോ ചെറിയാൻ**
**സെക്രട്ടറി,**
ആലപ്പുഴ ഇന്റർനാഷണൽ
മൈഗ്രന്റ്സ് കമ്മീഷൻ

**ഫാ. തോമസ് ഷൈജു ചിറയിൽ**
ഡയറക്ടർ,
ആലപ്പുഴ ഇന്റർനാഷണൽ
മൈഗ്രന്റ്സ് കമ്മീഷൻ

## *കെ.എൽ.സി.ഡബ്ല്യു.എ. വാർത്തകൾ*

ആലപ്പുഴ ബീച്ച് ഫെസ്റ്റിനോടനുബന്ധിച്ച് KLCWA വട്ടയാൽ യൂണിറ്റ് 'അമ്മക്കട' എന്ന പേരിൽ ഫുഡ് കോർട്ട് നടത്തി. ജനുവരി 3,4 തീയതികളിൽ പാലാരിവട്ടം POC യിൽ വെച്ചുനടന്ന KRLCBC യുടെ ഏഴാമത് സംസ്ഥാന സമ്മേളനത്തിൽ KLCWA യിൽ നിന്നും അഞ്ച് പ്രതിനിധികൾ പങ്കെടുത്തു. KRLCBC സംഘടിപ്പിച്ച പോസ്റ്റർ കോമ്പറ്റീഷനിൽ KLCWA രൂപത ട്രഷറർ ശ്രീമതി സവിത ഷിബു രണ്ടാം സ്ഥാനത്തിനർഹയായി. 2025 ജനുവരി 1 ന് FFA ഹാളിൽ രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികളുടെ യോഗത്തിൽ വെച്ച് അർത്തുങ്കൽ പള്ളിയിൽ കടയിടുന്നതിനു തീരുമാനമെടുത്തു. 2025 ജനുവരി 12 ന് മാരാരിക്കുളം പള്ളിയിൽ KLCWA യൂണിറ്റ് രൂപീകരിച്ചു. 2025 ജനുവരി 13 ൽ കളക്ട്രേറ്റിൽ വെച്ച് നടന്ന അഭിവന്ദ്യ ജയിംസ് പിതാവ് ഉദ്ഘാടനം ചെയ്ത ലഹരി വിരുദ്ധ പരിപാടിയിൽ KLCWA അംഗങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. 2025 ജനുവരി 18 ന് അർത്തുങ്കൽ പള്ളിയിൽ അമ്മക്കട നടത്തികൊണ്ട് സംഘടനയുടെ ധന ശേഖരണം ആരംഭിച്ചു.

**സി.അംബി ലിയോൺ**
ഡയറക്ടറസ്

## *ബി.സി.സി. വാർത്തകൾ*

2024 ഡിസംബർ 29 തിരുക്കുടുംബത്തിരുനാൾ ദിനം ജൂബിലി വർഷാരംഭത്തിന്റെ ഭാഗമായ് വെള്ളാപ്പള്ളി സെന്റ് ഫ്രാൻസിസ് അസീസി ദൈവാലയത്തിൽ നിന്നും കത്തീഡ്രൽ ദൈവാലയത്തിലേക്ക് നടത്തിയ വിശുദ്ധ കുരിശിന്റെ പ്രയാണത്തിന് രൂപതാ ബി സി.സി. നേതൃത്വത്തിന്റെയും ഫെറോന ബി.സി.സി. നേതൃത്വത്തിന്റെയും സജീവ സഹകരണവും പങ്കാളിത്തവുമുണ്ടായിരുന്നു.

ജനുവരി 9 ന് ആലപ്പുഴ രൂപത മദ്യവിരുദ്ധ കേന്ദ്ര സമിതിയുമായ് ഒരു ഓൺലൈൻ മീറ്റിംഗ് നടത്തപ്പെട്ടു. മദ്യ വിരുദ്ധ സമിതി കളക്ട്രേറ്റ് പടിക്കൽ നടത്തിവരുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മാവേലിക്കര രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവിന്റെയും ആലപ്പുഴ രൂപതാധ്യക്ഷൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെയും സംയുക്ത നേതൃത്വത്തിൽ സമരത്തിന് പിന്തുണ പ്രഖ്യാപിച്ച് ജനുവരി 13 ന് നടന്ന മീറ്റിംഗിൽ ആലപ്പുഴ രൂപതാ ബി.സി.സി. അംഗങ്ങളും പങ്കെടുക്കുകയും മദ്യ വിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ അറിയിക്കുകയും ചെയ്തു.

ജനുവരി 12 ഞായറാഴ്ച കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് ശുശ്രൂഷാ സമിതി ഭാരവാഹികൾക്കായ് ശ്രീ. ബെന്നി ജെയിംസ്, ശ്രീ. സോണി ഫ്രാൻസിസ്, ശ്രീ. പീറ്റർ കോളിൻസ് എന്നിവരുടെ നേതൃത്വത്തിൽ ക്ലാസ് നടത്തപ്പെട്ടു.

2025 കത്തോലിക്ക തിരുസഭയുടെ മഹാ ജൂബിലി വർഷത്തിന്റെയും 2027 ആലപ്പുഴ രൂപതയുടെ 75-ാം വർഷത്തിന്റെയും സാഹചര്യത്തിൽ മുന്നോട്ടുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായ് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ജനുവരി 21 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് യോഗം ചേരുകയുണ്ടായി. എല്ലാ ഫെറോനകളിലെയും വികാരി, ഡയറക്ടർ, സിസ്റ്റർ ആനിമേറ്റേഴ്സ്, കേന്ദ്ര സമിതി അംഗങ്ങൾ, ഫെറോന സമിതി അംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. വരും വർഷങ്ങളിൽ രൂപത നടപ്പിലാക്കാൻ പോകുന്ന പദ്ധതികളിൽ ബി.സി.സി.യുടെ പിന്തുണ ഉണ്ടാകണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

പുന്നപ്ര ഫെറോന എല്ലാ ഇടവകകളെയും കോർത്തിണക്കി വാർഷിക പൊതുയോഗം നടത്തുകയും എല്ലാ ഇടവകകളിൽ നിന്നും റിപ്പോർട്ട് ശേഖരിക്കുകയും ചെയ്തു.

**ശ്രീമതി ജ്യോതി സോണി** — സെക്രട്ടറി

**ശ്രീ. ബൈജു എ.ജെ.** — കൺവീനർ

## കമ്മീഷൻ ഫോർ ചിൽഡ്രൻ വാർത്തകൾ

### ജൂബിലി 2025 – 'മഹത് ചരിത വഴിയേ'

മഹാജൂബിലി 2025 കണക്കിലെടുത്ത് 12 മാസങ്ങളിലായി 12 മഹത് വ്യക്തികളുടെ ജീവചരിത്രം കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന 'മഹത്ചരിത വഴിയേ' എന്ന പ്രോഗ്രാം ജനുവരി മാസം മുതൽ ഇടവകതലത്തിൽ തിരുബാലസഖ്യത്തിന്റെ നേതൃത്വത്തിൽ സൺഡേ സ്കൂളുകളുമായി സഹകരിച്ച് ആരംഭിച്ചു. റിപ്പബ്ലിക്ക് ദിനമായ ജനുവരി 26 ന് ഇടവകകളിൽ സൺണ്ടേ സ്കൂൾ അസംബ്ലിയിലും തിരുബാലസഖ്യം മീറ്റിംഗുകളിലും രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജീവിത ചരിത്രവും അവതരിപ്പിക്കപ്പെട്ടു. ഇടവകകളിൽ കുട്ടികളും മുതിർന്ന വ്യക്തികളും ജീവചരിത്ര കുറിപ്പ് സംക്ഷിപ്തമായി കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചു. ഇതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വികാരിയച്ചൻമാരോടും പ്രമോട്ടർമാരോടും ആനിമേറ്റർമാരോടും നന്ദി അറിയിക്കുന്നു.

ക്രിസ്തുവിന്റെ ജീവിത മൂല്യങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തി പൊതു സമൂഹത്തിൽ പ്രാവർത്തികമാക്കിയ 12 മഹത് വ്യക്തിത്വങ്ങളാണ് 12 മാസങ്ങളിലായി ജൂബിലി 2025 നോടനുബന്ധമായി കുട്ടികൾക്ക് പരിചയപ്പെടുത്തുന്നത്.

ഫെബ്രുവരി മാസം വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ ജീവചരിത്രം പരിചയപ്പെടുത്തും.

### ഫെബ്രുവരി 9 – 'കുട്ടികളുടെ ദിനം' (തിരുബാലസഖ്യ ദിനം)

KCBC യുടേയും KRLCBC കുട്ടികളുടെ കമ്മീഷന്റേയും ആഹ്വാന പ്രകാരം ഫെബ്രുവരി രണ്ടാം ഞായർ (February 9), 'കുട്ടികളുടെ ദിനം' അഥവാ 'തിരുബാലസഖ്യ ദിന' മായി ആചരിക്കുന്നു. ഇതിന്റെ രൂപതാതല ഉദ്ഘാടനം KRLCBC കമ്മീഷൻ ഫോർ ചിൽഡ്രൻ ചെയർമാൻ കൂടിയായ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് നിർവ്വഹിക്കുന്നതാണ്.

തിരുബാലസഖ്യം ആനിമേറ്റർമാർ ബഹുമാനപ്പെട്ട വികാരിയച്ചൻമാരോടും സൺഡേസ്കൂൾ പ്രമോട്ടർമാരോടും ആലോചിച്ച് സുവിശേഷഭവന്റെ സഹകരണത്തോടെ ഇടവകതലത്തിൽ ഇത് സമുചിതമായി ആചരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

• കുട്ടികൾക്കായി ദിവ്യബലി, • തിരുസ്വരൂപവുമായി കുട്ടികളുടെ റാലി, • കുട്ടികളുടെ സെമിനാർ • കലാപരിപാടികൾ, മത്സരങ്ങൾ • പോസ്റ്റർ പ്രദർശനം • രക്ഷിതാക്കൾക്കായി സെമിനാർ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

## കുട്ടികളുടെ ദിനം 2025
## രൂപതാതല മത്സരങ്ങൾ

### ഉപന്യാസം

LP,UP വിഭാഗം : **"വായിച്ചു വളരാം-വായന ഒരു ശീലമാക്കാം"**

HS വിഭാഗം: **ജൂബിലി 2025 - പ്രത്യാശയുടെ തീർത്ഥാടകർ**

HSS വിഭാഗം: **വിശ്വാസവളർച്ചയിൽ യുവജനങ്ങളുടെ വിളിയും ദൗത്യവും ജൂബിലി 2025 ന്റെ പശ്ചാത്തലത്തിൽ**

(കുറഞ്ഞത് ഒന്നര പുറത്തിൽ എങ്കിലും എഴുതണം.)

### പെയിന്റിംഗ്

LP, UP വിഭാഗം : **ഔവ്വർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ, ആലപ്പുഴ**

HS, HSS വിഭാഗം - **2025 ജൂബിലി തീർത്ഥാടനം**

(വാട്ടർകളർ - എ4 പേപ്പറിൽ )

### *നിബന്ധനകൾ*

സൃഷ്ടികൾ മതബോധന കേന്ദ്രം പ്രമോട്ടറും തിരുബാല സഖ്യം ആനിമേറ്ററും ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

കമ്മീഷൻ ഫോർ ചിൽഡ്രൻ,
C/o ഡയറക്ടർ, കർമ്മ സദൻ പാസ്റ്ററൽ സെൻറർ,
കോൺവെന്റ് സ്ക്വയർ, ആലപ്പുഴ

എന്ന വിലാസത്തിൽ 2025 ഫെബ്രുവരി 18 നകം എത്തിക്കേണ്ട താണ്.

കൂടുതൽ വിവരങ്ങൾക്ക് തിരുബാല സഖ്യം സെക്രട്ട റിയെ വിളിക്കാവുന്നതാണ്: Ph. No . 9995773892
കുട്ടിയുടെ പേര്, ക്ലാസ്, വിലാസം, സ്കൂൾ, ഇടവക എന്നിവ രേഖപ്പെടുത്തണം

കൂടുതൽ കുട്ടികളെ ഈ മത്സരങ്ങളിൽ പങ്കെടുപ്പിക്കു വാൻ ആനിമേറ്റർമാരും അധ്യാപകരും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇടവകയിൽ നിന്നുള്ള രചനകൾ ഒരുമിച്ച് ഒരു കവറിലാക്കി എത്തിക്കുന്നത് നന്നായിരിക്കും.

**സി. സോണിയ**
സെക്രട്ടറി, തിരുബാലസഖ്യം
ആലപ്പുഴ രൂപത

**ശ്രീ. ജോസ് ആന്റണി**
ഡയറക്ടർ, കമ്മീഷൻ ഫോർ ചിൽഡ്രൻ
ഫോൺ: 9400140107

## *ഫാമിലി അപ്പോസ്തലേറ്റ് വാർത്തകൾ*

ജനുവരി മാസത്തിലെ മാര്യേജ് കോഴ്സിൽ 32 പെൺകുട്ടികളും 33 ആൺകുട്ടികളും ഉൾപ്പടെ 65 പേർ പങ്കെടുത്തു. ഞായറാഴ്ച നടത്തിയ മാതാപിതാക്കൾ ക്കായുള്ള ക്ലാസ്സിൽ 80 പേർ പങ്കെടുത്തു.

### അടുത്ത കോഴ്സ്

### 2025 മാർച്ച് 7, 8, 9, 28, 29, 30

**ഫാ. ജോസഫ് ജോയ് അറയ്ക്കൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

## ഹെൽത്ത് കമ്മീഷൻ വാർത്തകൾ

**ക്രിസ്തുമസ്സ് ന്യൂയർ ആഘോഷം**

ഹെൽത്ത് കമ്മീഷൻ അംഗങ്ങൾ ക്രിസ്തുമസ്സ് ന്യൂയർ ആഘോഷിച്ചത് രൂപതയിലെ വിശ്രമജീവിതം നയിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനൊപ്പം പാതിരപ്പള്ളി ബഥേൽ മഠത്തിലാണ്. അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ ജയിംസ് റാഫേൽ ആനാപറമ്പിൽ പിതാവ് ക്രിസ്തുമസ്സ് സന്ദേശം നൽകി. പ്രായമായ സിസ്റ്റേഴ്സ് രൂപതയുടെ വിലയേറിയ സമ്പത്താണെന്നും. പ്രാർത്ഥനയുടെ വലിയ ശക്തിയാണ് അവിടെ നിന്നും ഉണ്ടാകുന്നതെന്നും പിതാവ് പറഞ്ഞു. സമ്മേളനത്തിൽ സെന്റ് സെബാസ്റ്റ്യൻ വിസിറ്റേഷൻ നേഴ്സിംങ് സ്റ്റുഡൻറ് മിസ്. നീനു പ്രാർത്ഥനഗാനം ആലപിച്ചു. ഡോ. അനിൽ വിൻസെന്റ് എല്ലാവരേയും സ്വാഗതം ചെയ്തു. ഹെൽത്ത് കമ്മീഷൻ ഡയറക്ടർ ഡോ. ക്രിസ്റ്റീന ജോൺ അദ്ധ്യക്ഷ പ്രസംഗത്തിൽ അമ്മമാരെ അഭിനന്ദിക്കുകയും വി. റ്റാർസിസിയുസിനെപ്പോലെ ദിവ്യകാരുണ്യ ഈശോയെ തങ്ങളുടെ ഹൃദയത്തോടു ചേർത്തു പിടിച്ചവരാണെന്നും തങ്ങളുടെ ജീവിതംകൊണ്ട് ദിവ്യകാരുണ്യ നാഥന് സാക്ഷ്യം വഹിച്ചവരാണെന്നും അനുസ്മരിച്ചു. ഡോ.സി.ഗ്രേറ്റ എല്ലാ അമ്മമാരെയും പരിചയപ്പെടുത്തുകയും അവർക്കായി മനോഹരമായ ക്രിസ്തുമസ്സ് ആശംസ നേരുകയും ചെയ്തു. ആദരണിയരായ ഡോക്ടേഴ്സ് അമ്മമാർക്കായി ക്രിസ്തുമസ്സ് സമ്മാനങ്ങൾ നല്കി. കാതോലിക്ക് നേഴ്സ്സ് ഗിൽഡിലെ അംഗങ്ങളും ഡോക്ടേഴ്സും അമ്മമാർക്കായി കരോൾ നടത്തി അവരെ സന്തോഷിപ്പിച്ചു. ഡോ. കെ എസ് മനോജ് എല്ലാവർക്കും നന്ദി അർപ്പിച്ചു പ്രത്യേകിച്ച് ഈ അമ്മമാരെ ശുശ്രൂഷിക്കുന്ന സി. എൽസാ, സി.സരിത, സി. ലില്ലി എന്നിവരെ അഭിനന്ദിക്കുകയും അവരുടെ നിസ്വാർത്ഥമായ സേവനത്തെ പ്രശംസിക്കുകയും ചെയ്തു. ചായ സത്ക്കാര ത്തോടെ എല്ലാവരും സന്തോഷത്തോടെ പിരിഞ്ഞു.

**ബോധവത്ക്കരണ ക്ലാസ്സ്**

ജനുവരി മാസം ഹെൽത്ത് കമ്മീഷന്റെ നേതൃത്വത്തിലുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചത് സൗദി ആരോഗ്യമാതാ ദേവാലയം, പടിഞ്ഞാറെ മനക്കോടം ശുദ്ധീകരണ മാതാവിന്റെ ദേവാലയം, വനസ്വർഗ്ഗം വി. യൂദാ തദേവൂസ് ദേവാലയം എന്നിവിടങ്ങളിലുമാണ്. ഡോ.കെ.എസ്. മനോജ്, ഡോ. ജോണി പുളിക്കൽ, ഡോ. പ്രവീൺ, ഡോ.സിറിൾ, ശ്രീമതി ഷൈനിമോൾ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ജീവിതശൈലിരോഗങ്ങളെക്കുറിച്ചും ഫാസ്റ്റ് ഫുഡിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും വ്യായമത്തിന്റെ ആവിശ്യകതയെക്കുറിച്ചും ലഹരിമരുന്നുകളുടെ ഉപയോഗം എങ്ങനെ വ്യക്തികളെയും സമൂഹത്തെയും നശിപ്പിക്കുന്നു എന്നീ വിഷയങ്ങളെക്കുറിച്ചാണ് ക്ലാസ്സുകൾ നല്കിയത്.

**സി. ഡോ. ക്രിസ്റ്റീന ജോൺ പനയ്ക്കൽ**
ഡയറക്ടറസ്, ഹെൽത്ത് കമ്മീഷൻ

# സ്നേഹ സമൂഹം

## കുടുംബങ്ങളുടെ കൂട്ടായ്മ

## ജൂബിലി 2025

**ബുള്ളറ്റിൻ 344** *പ്രത്യാശയുടെ തീർത്ഥാടകരാകുക* **ഫെബ്രുവരി 2025**

**സ്വാഗതം**

**ഗാനം**

**ബൈബിൾപ്രതിഷ്ഠ**

**യേശുവിനെ ക്ഷണിക്കൽ**

**വചന വായന**

**റോമാ 5: 1–11**

**വചന വിശകലനം**

**സ്വയം പ്രേരിത പ്രാർത്ഥന**

**വിഷയാവതരണം (വിചാരം)**

**ചർച്ച**

**പ്രവർത്തനം രൂപപ്പെടുത്തൽ മുൻമാസ പ്രവർത്തനങ്ങൾ വിശദീകരണം**

**റിപ്പോർട്ട് വായന**

**അറിയിപ്പുകൾ**

**ബൈബിൾ വന്ദനം**

**വിവക്ഷ :** പ്രത്യാശ സ്നേഹത്തിൽ നിന്നും ജനിക്കുന്നു. അത് കുരിശിൽ വച്ച് പിളർക്കപ്പെട്ട യേശുവിന്റെ ഹൃദയത്തിൽ നിന്നും ഉത്ഭവിക്കുന്ന, സ്നേഹത്തിൽ അടിസ്ഥാനമിടുന്നു. (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല;3)

**വിചാരം:** കുടുംബത്തിലും കൂട്ടായ്മയിലും കുരിശിലെ സ്നേഹം പങ്കുവയ്ക്കുന്ന തീർത്ഥാടന അനുഭവ വേദിയൊരുക്കുക.

'തീർത്ഥാടക സഭയുടെ' ജീവിതത്തിലുള്ള തന്റെ നിത്യസാന്നിധ്യത്തിലൂടെ പരിശുദ്ധാത്മാവ് എല്ലാ വിശ്വാസികളെയും പ്രത്യാശയുടെ പ്രകാശത്താൽ തിളക്കമുള്ളതാക്കുന്നു. അവിടുന്ന് നമ്മുടെ ജീവിതങ്ങളെ നിലനിർത്തുന്നതിനും ഊർജ്ജസ്വലമാക്കുന്നതിനുമായി ആ വിളക്കിനെ കെടാവിളക്കായി ജ്വലിപ്പിച്ചു നിർത്തുന്നു. ക്രൈസ്തവ പ്രത്യാശ ആരെയും വഞ്ചിക്കുകയോ നിരാശപ്പെടുത്തുകയൊ ചെയ്യുന്നില്ല. കാരണം

അത് അടിസ്ഥാനമിട്ടിരിക്കുന്നത്, ദൈവസ്നേഹത്തിൽനിന്നും നമ്മെ വേർപെടുത്താൻ ഒന്നിനും ആർക്കും സാധിക്കില്ല എന്ന ഉറച്ച വിശ്വാസത്തിലാണ്.(റോമാ 8:35, 37-39). വിശ്വാസത്തിൽ സ്ഥാപിതവും സ്നേഹത്തിൽ ബലപ്പെട്ടതുമായ അത് ജീവിതത്തിൽ ഇടിച്ചുമുന്നേറാൻ നമ്മെ പ്രാപ്തരാക്കുന്നു. വി. അഗസ്തീനോസ് പറയുന്നതുപോലെ, 'നമ്മുടെ ജീവിതാ വസ്ഥ എന്തായാലും ആത്മാവിന്റെ ഈ മുന്ന് ഗുണങ്ങൾ ഇല്ലാതെ നമുക്ക് ജീവിക്കാ നാകില്ല: വിശ്വാസം, പ്രത്യാശ, സ്നേഹം' (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല, 3).

ഈ വർഷം മാർച്ച് 5 ന് ആണ് വിഭൂതിബുധൻ. അന്നേദിനം നെറ്റിയിൽ ചാരംപൂശിയാരംഭിക്കുന്ന പരിശുദ്ധ നോമ്പുകാലം ജൂബിലിയുടെ പുണ്യപുർണ തയിലുള്ള തീർത്ഥാടനകാലത്തെ വിലയിരുത്താനും അടയാളപ്പെടുത്താനുമുള്ള നാളുകളാണ്. അതിനാൽതന്നെ ഈ ഫെബ്രുവരി മാസം ഓരോ ഇടവകയിലും കൃത്യമായ ആസൂത്രണങ്ങളിലൂടെ കുഞ്ഞുങ്ങളിൽ നിന്നു തുടങ്ങി വൃദ്ധരായ മാതാപിതാക്കളോളം എത്തുന്ന രീതിയിൽ ആരെയും മാറ്റിനിർത്താത്ത ജൂബിലി തീർത്ഥാടനത്തിന് ഒരുക്കം നടത്തുക. രൂപതയിൽ നിശ്ചയിക്കപ്പെട്ടു നൽകിയിരിക്കുന്ന തീർത്ഥാടന ദേവാലയങ്ങളിലേക്ക് കൂട്ടായ്മകളൊരുമിച്ച് ഇടവകയിൽ ഒന്നുചേർന്നു കൂരിശുമേന്തി തീർത്ഥാടനം നടത്തി, ഒരുക്കമുള്ള കുമ്പസാരം നടത്തി, സഭ നിഷ്കർഷിച്ചു നൽകിയിരിക്കുന്ന മാതൃകയിൽ ദണ്ഡവിമോചനം പ്രാപിക്കാം.

ചർച്ച:1)'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' 2025ലെ സാധാരണ ജൂബിലിയുടെ സ്ഥാപന ബൂള പരിചയപ്പെടുത്തുക?
2) ആഗോള സഭയും രൂപതയും സജ്ജമാക്കിയിരിക്കുന്ന ജൂബിലി പ്രവർത്തന കലണ്ടർ കൂട്ടായ്മയിൽ എപ്രകാരം നടപ്പാക്കാൻ സാധിക്കും?
കർമം: 1) പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല എന്നതു പരിചയപ്പെടുത്തുന്ന ചർച്ചാ ക്ലാസ്സ് സംഘടിപ്പിക്കുക.
2) ജൂബിലി കലണ്ടർ പ്രയോജനപ്പെടുത്തി, ശുശ്രൂഷാ സമിതികളിലൂടെ കൂട്ടായ്മകൾ ഒരുമിച്ച് ഇടവകയിൽ കരുണയുടെയും

അനുരഞ്ജനത്തിന്റെയും ഉപവി പ്രവർത്തനങ്ങളുടെയും വേദി കളൊരുക്കുക.

അറിയിപ്പുകൾ: 1) ആഗോളസഭയുടെ ജൂബിലിയും രൂപതയുടെ ജൂബിലിക്കായുള്ള ഒരുക്കവും കൂടിയാലോചിക്കുന്നതിലേക്ക് ഫൊറോനാതലത്തിൽ നടത്തുന്ന മീറ്റിങ്ങുകളിലും ഒത്തുചേര ലിലും എല്ലാവരും സഹകരിച്ച് പങ്കുചേരുക.

1) രൂപതയുടെ ജൂബിലിക്കൊരുക്കമായി ഭവനങ്ങളിൽ നിന്നുള്ള സാമ്പത്തീക ശേഖരണം സ്നേഹസമൂഹങ്ങളിലൂടെ സജീവമായി നടപ്പാക്കുന്നതിനും അത് ലഭിക്കുന്ന മുറയ്ക്ക് ഓരോ മാസവും അതിനായി നിശ്ചയിക്കപ്പെട്ട രൂപതാ അക്കൗണ്ടിലേക്ക് നൽകി, രസീത് കൈപ്പറ്റുന്നിതിനും ചുമതലയേൽപ്പിക്കുക Jubilee Fund Diocese of Alleppey, A/c No. 13310100289006, Federal Bank Alappuzha, IFSC Code FDRL0001331

2) മിനിസ്ട്രി ഓഫ് ഫാമിലി അപ്പോസ്തലേറ്റ് വിവാഹ ഒരുക്ക കോഴ്സുകൾ-മാർച്ച് 7,8,9 & 28,29,30; എപ്രിൽ4,5,6; മെയ് 9,10,11 തീയതികളിൽ ഉണ്ടായിരിക്കുന്നതാണ്. അവസാന സമയത്തു ബുക്കുചെയ്യുന്നത് അസൗകര്യമാകയാൽ നേരത്തെതന്നെ കോഴ് സുകളിൽ പേര് ബുക്കുചെയ്തു സഹകരിക്കുക. റെസിഡെൻ ഷ്യൽ കോഴ്സുകളല്ലാത്തതിനാൽ ആവശ്യമായ മുൻകരുതലു കൾ എടുക്കുക. രാവിലെ 8.00 മുതൽ വെകിട്ട് 5.30 വരെ പങ്കെ ടുക്കുന്നവർ ക്യാമ്പസിൽ ഉള്ളപ്പോൾ മാത്രമുള്ള അവരുടെ ഉത്ത രവാദിത്വമാണ് ഫാമിലി അപ്പോസ്തലേറ്റിനുള്ളത്.

പ്രസിദ്ധീകരണം : ഫാ. ജോൺസൺ പുത്തൻവീട്ടിൽ, ബി.സി.സി. ഡയറക്ടർ, എസ്.എച്ച്. സെമിനാരി ക്യാമ്പസ്, ആലപ്പുഴ - 688 001 Mob: 9497220737








ആലപ്പുഴ ഇന്റർനാഷണൽ മൈഗ്രന്റ്സ്(എഐഎം)
ഇറ്റലി യൂണിറ്റിന്റെ നേതൃത്വത്തിൽ റോമിൽ
വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ നടന്നപ്പോൾ.

Vol. 94 February
No. 2 2025



**“ശിമയോൻ ശിശുവിനെ**
**കൈയിലെടുത്ത്, ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു:**
**കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച്**
**ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ**
**വിട്ടയയ്ക്കണമേ! ”**

*ലൂക്കാ 2 : 28 – 29*

Printed and Published by Fr Michael Kunnel
at St Antony’s Orphanage Press, Alleppey.
Editor: Fr Jobin Joseph Panackal
Cover: Fr Joy Puthenveettil & Salichan Thottunkal
Type Setting & Layout: Manoj Peter, Sherly Joby